# ആരാമ മൊഴികൾ

## സി.പി.എസ്. ബുള്ളറ്റിൻ

**ആദിശങ്കരന്റെ കാൽപാദുകൾ കൊണ്ട്**
**പുണ്യമായ കാലടി നാട്ടിലെ**
**പുഴയ്ക്ക് പറയാൻ ഒരു ചരിത്രമുണ്ട്.**

**തേൻപോലെ മധുരമുള്ളൊരു ആരാമം**
**അമ്മിഞ്ഞ പാലോടുകൂടി**
**ഞാൻ നുകർന്നൊരു പ്രേഷിതാരാം**
**ആരാമ പൂക്കളെ വിളിച്ചുണർത്തി**
**വിശ്വം മുഴുവൻ സുഗന്ധം പരത്തുവാൻ**
**പറഞ്ഞ അഴിയാത്ത പൂവായ**
**കൊച്ചുപറമ്പിലച്ചന്റെ ആരാമം.**


*എഡിറ്റോറിയൽ ബോർഡ്*

**Sr. Vandana Jose C.P.S**
**Sr. Judit C.P.S**
**Sr. Sudha Maria C.P.S**
**Sr. Shobitha C.P.S**
**Sr. Sanjo C.P.S**
**Sr. Christy C.P.S**
**Sr. Trinitta C.P.S**



*വാല്യം 13 നമ്പർ 2 ജൂലൈ - ഡിസംബർ 2023*

# ഇതളുകളിലൂടെ


| | | |
|---|---|---|
| 1 | എഡിറ്റോറിയൽ | 03 |
| 2 | മാതൃമൊഴികൾ | 05 |
| 3 | സഭാ വാർത്തകൾ | 07 |
| 4 | പരിശുദ്ധ മറിയത്തിന്റെ സ്വർഗാരോപണം | 09 |
| 5 | പ്രഥമ മിഷൻരംഗം - ഒരു തിരിഞ്ഞുനോട്ടം | 13 |
| 6 | ദൈവത്തിന്റെ ശക്തമായ കരങ്ങളിൽ സമർപ്പിക്കുക | 18 |
| 7 | പരിശുദ്ധ അമ്മ | 20 |
| 8 | യേശുക്രിസ്തു എന്നെ സ്വന്തമാക്കി | 23 |
| 9 | ഓരോ വ്യക്തിയുടേയും കാത്തിരിപ്പിന്റെ കാലം | 25 |
| 10 | എന്നെ ചിരിപ്പിക്കുന്ന ദൈവം | 27 |
| 11 | JESUS MY ALL IN ALL | 28 |
| 12 | പരിശുദ്ധ കന്യകാമറിയം | 30 |
| 13 | അതിജീവനം | 31 |
| 14 | കുറുക്കുവഴികൾ | 34 |
| 15 | തിരിച്ചറിവ് | 36 |
| 16 | ഒയാസിസ് അനുഭവം | 39 |



# എഡിറ്റോറിയൽ

'സ്വാതന്ത്ര്യം' അത് പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു ലഹരിയാണ് നമുക്ക് നൽകുന്നത്. സ്നേഹം, ത്യാഗം, സമാധാനം ഇവയിൽ ഊന്നിക്കൊണ്ടാണ് ഓരോ സ്വാതന്ത്ര്യം നിലനിൽക്കുന്നത്. 76 വർഷത്തെ ഇന്നലകളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ, നമ്മുടെ ഇന്ത്യ മഹാരാജ്യത്തിനും ഒത്തിരിയേറെ കഥകൾ പറയാനുണ്ട്. സ്വന്തം ജീവിതവും, ജീവനും നാടിനുവേണ്ടി വ്യയം ചെയ്ത മഹത്വ്യക്തികൾ നമുക്കെന്നും അഭിമാനമാണ്. ഇന്ത്യൻ ഭരണഘടന ഒരു പൗരന് പ്രദാനം ചെയ്യുന്ന പലതരത്തിലുള്ള സ്വാതന്ത്ര്യമുണ്ട്. അതൊക്കെ എങ്ങനെ ഉപയോഗിക്കുന്നു, എന്നതിനനുസരിച്ച് ഓരോ വ്യക്തിയുടെയും വിജയവും, പരാജയവും നിർണയിക്കപ്പെടുന്നു. ഉദാഹരണമായി, സഞ്ചാര സ്വാതന്ത്ര്യം - നിയമങ്ങൾ തെറ്റിച്ചുകൊണ്ട് വാഹനം ഓടിക്കുമ്പോൾ സ്വന്തം ജീവനും മറ്റുള്ളവരുടെ ജീവിതവും അപകടത്തിലാക്കുന്നു. അതിന് നിയമം ഉണ്ടാക്കിയവരെ കുറ്റംപറയാൻ പറ്റുമോ.

"ആദത്തിനും, ഹവ്വായ്ക്കും" പറുദീസായിൽ സർവ്വ സ്വാതന്ത്ര്യവും ദൈവം കൊടുത്തു. ആ സ്വാതന്ത്ര്യത്തെ അവർ ദുരുപയോഗം ചെയ്തപ്പോൾ, പാപവും മരണവും ഭൂമിയിൽ ഉടലെടുത്തു. സന്യാസനിയമങ്ങൾ നമ്മൾ കാറ്റിൽ പരത്തുമ്പോൾ, ജീവിതത്തിൽ പ്രശ്നങ്ങൾ ഉടലെടുക്കുന്നു. അതിന് സഭയെ കുറ്റം പറയേണ്ട കാര്യമുണ്ടോ?

എല്ലാ നിയമങ്ങളും അനുസരിച്ച്, ദൈവഹിതപ്രകാരം ജീവിച്ച ഒരു കന്യക; അവൾ രക്ഷാകര പദ്ധതിക്ക് പാത്രമായി തീർന്നു. സർവ്വഗുണ സമ്പന്നയായ അവർ ആണ് നമ്മുടെ സ്വർഗ്ഗീയ രാജ്ഞി. നമുക്കെന്നും ക്രിസ്തുവിലേക്കുള്ള വഴികാട്ടി. നമ്മുടെ ഭാരതത്തിന്റെ മദ്ധ്യസ്ഥ.

ഇന്ന് ഭാരതത്തിൽ ക്രൈസ്തവ സഭ നേരിടുന്ന പ്രത്യേകിച്ച് മണി

പ്പൂരിലെ ക്രൈസ്തവ സമൂഹം നേരിടുന്ന ദുരനുഭവങ്ങൾ നമുക്കും പാഠമാകട്ടെ. നമ്മൾ സുരക്ഷിതരാണ് എന്ന് അഭിമാനിക്കാൻ വരട്ടെ.

ഈ കടുത്ത നരകയാതനകൾക്കിടയിൽ ക്രിസ്തുവിലുള്ള അവരുടെ വിശ്വാസം ഊട്ടിഉറപ്പിക്കുന്നു. കടുത്ത ചൂടിലും, ഇപ്പോൾ ഈ കാലവർഷ കെടുതികളിലും വനങ്ങളിൽ അഭയം പ്രാപിച്ച്, അവിടെ ദൈവസ്തുതികൾ പാടുന്ന കാഴ്ച, സിംഹകുഴിയിൽ കിടന്ന ദാനിയേലിനെ അനുസ്മരിപ്പിക്കുന്നു. മരണമുഖത്തെ പോലും ഭയപ്പെടാതെ അവർ അനുഭവിക്കുന്ന ക്രിസ്തീയ സ്വാതന്ത്ര്യം, അത് ദൈവ തിരുമുൻപിൽ വിലപ്പെട്ടതാണ്. നമ്മുടെ വിദ്യാലയങ്ങളിലും സ്ഥാപനങ്ങളിലും, സ്വാതന്ത്ര്യത്തിന്റെ മഹത്വം, വില പഠിപ്പിക്കാൻ നമുക്ക് തികഞ്ഞ ഉത്തരവാദിത്വമുണ്ട്.

നമ്മുടെ ആത്മീയ സ്വാതന്ത്ര്യം കൈവിടാതെ സൂക്ഷിക്കാൻ നമുക്ക് കഴിയണം. അതിനായ് ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ.

ഒത്തിരി സ്നേഹത്തോടെ
**സി. സുധമരിയ സി. പി. എസ്**



"

*പ്രാർത്ഥനാ നിരതനായ ഒരു മനുഷ്യൻ*
*തന്നോട് തന്നെയും ലോകത്തോടും*
*സമാധാനം പുലർത്തും*

"

# മാതൃമൊഴി

ദൈവമാണ് നമുക്ക് എല്ലാം നൽകുന്നത് എന്ന വിശ്വാസം നമുക്ക് എപ്പോഴും ഉണ്ടാവണം. വചനം ഇപ്രകാരം പറയുന്നു തന്നെത്തന്നെ "താഴ്ത്തുന്നവൻ ഉയർത്തപ്പെടും, തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും." അതായത് എളിമയുള്ളിടത്തെ ദൈവത്തിന് ഇറങ്ങി വരാനും പ്രവർത്തിക്കാനും സാധിക്കൂ. അഹങ്കാരംവെടിഞ്ഞ് എളിമയോടെ ജീവിക്കുന്നവർക്കാണ് ദൈവത്തിന്റെ കൃപ അനുഭവിക്കുവാൻ കഴിയുക. ദൈവത്തിന്റെ പദ്ധതികളോട് നാം സഹകരിച്ചു തുടങ്ങുമ്പോൾ ദൈവം നമ്മിൽ പ്രവർത്തിച്ചു തുടങ്ങുന്നു.


ആരാണ് ദൈവം? നിസ്വാർത്ഥമായി മറ്റൊരാളെ സ്നേഹിക്കാൻ കഴിയുന്ന ഒരാൾ... സ്വാർത്ഥതയില്ലാതെ മറ്റൊരാളെ നെഞ്ചോട് ചേർത്ത് പിടിക്കാൻ കഴിയുന്ന ഒരാൾ. നമ്മുടെ തെറ്റുകളെയും കുറ്റങ്ങളെയും നാം ചെയ്ത ദ്രോഹങ്ങളെയും മറന്നു പോകുന്ന ഒരാൾ അതാണ് ദൈവം.

ഒരുകാലത്ത് ജോർജ് മുള്ളറിന്റെ ജീവിതം വളരെ മോശകരമായ ഒന്നായിരുന്നു, കള്ളനും നുണയനും ചൂതുകളിക്കാരനുമായ ഒരുവൻ എന്ന് മുള്ളറെ ലോകം വിധിയെഴുതി. ചെറുപ്രായത്തിൽ തന്നെ മദ്യപാനിയും ചൂതുകളിക്കാരനും ലഹരിക്ക് അടിമയുമായ ഒരു ജീവിതമായിരുന്നു മുള്ളർ നയിച്ചത്. മുള്ളറിന്റെ പിതാവ് അവനെ ഒരു ബൈബിൾ കോളേജിൽ ചേർത്തു. അവിടെ ബൈബിൾ വായന നിർബന്ധമായിരുന്നു. ഒരിക്കൽ അവൻ ബൈബിൾ വായിക്കുമ്പോൾ തന്നെ ഒരുപാട് സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ദൈവത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി. ഇത് പിന്നീട് അവന്റെ ജീവിതത്തിൽ ഒത്തിരിയേറെ മാറ്റങ്ങൾ വരുത്താൻ സഹായിച്ചു. പഠനശേഷം ഇംഗ്ലണ്ടിലേക്ക് പോയി. അവിടെ തെരുവോരങ്ങളിൽ കുഞ്ഞുങ്ങൾ ഭക്ഷണത്തിനായി വിശന്നുവലയുന്ന കാഴ്ച മുള്ളറെ വേദനിപ്പിച്ചു. മുള്ളർ ദൈവത്തിൽ ആശ്രയം അർപ്പിച്ചുകൊണ്ട് ഈ അനാഥകുഞ്ഞുങ്ങൾക്കായി അനാഥാലയങ്ങൾ പണിയുവാൻ തുടങ്ങി. മൂന്നോ നാലോ

വലിയ അനാഥാലയങ്ങൾ പണിതു. അനേകം പ്രദേശങ്ങളിലും രാജ്യ ങ്ങളിലും ദൈവവചനം പ്രഘോഷിക്കുവാൻ മുള്ളർ തന്റെ ജീവിതം മാറ്റിവച്ചു. ദൈവവചനവായന മുള്ളറിന്റെ ജീവിതത്തെ മാറ്റിമറിച്ചു.

ആരായിരുന്നു മുള്ളർ ഒരിക്കൽ കള്ളൻ, മദ്യപാനി അങ്ങനെ ഒരു പ്രതീക്ഷയുമില്ലാത്ത ഒരുവൻ ആയിരുന്നു. എന്നാൽ സർവ്വശക്ത നായ ദൈവത്തിന് അവനെക്കുറിച്ച് ഒരു പദ്ധതിയുണ്ടായിരുന്നു ദൈവത്തോട് അവൻ സഹകരിച്ച് തുടങ്ങിയപ്പോൾ ദൈവത്തിന് ആ പദ്ധതി അവനിൽ പൂർത്തീകരിക്കുവാനായി സാധിച്ചു. നമ്മെക്കുറി ച്ചും ദൈവത്തിന് ഒരു പദ്ധതിയുണ്ട്. ആ പദ്ധതിയോട് നാം സഹകരി ച്ചാൽ മാത്രമാണ് ദൈവത്തിന് നമ്മിൽ പ്രവർത്തിക്കുവാൻ സാധിക്കു കയുള്ളൂ നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി പൂർത്തിയാക്കുവാൻ ദൈവത്തിന്റെ കൈകളിൽ നമ്മെ സമർപ്പിക്കാം.

**സി. ഡോണ സി.പി.എസ്**
സുപ്പീരിയർ ജനറൽ



# സഭാ വാർത്തകൾ

1. മെയ് 27ന് കാറ്റികിസം പഠിപ്പിക്കുന്ന സിസ്റ്റേഴ്സിനു വേണ്ടി ബോധവത്കരണം സംഘടിപ്പിച്ചു. 28 സിസ്റ്റേഴ്സ് പങ്കെടുത്തു.
2. ജൂനിയേഴ്സിന്റെ പുതിയ മിസ്ട്രെസ്സായ സി. ലിസ്യൂവിന്റെ നേതൃത്വത്തിൽ മെയ് 31 നും ജൂലൈ 3 നും 30 വയസ്സിൽ താഴെയുള്ള ജൂനിയേഴ്സിന്റെ കൂട്ടായ്മ നടത്തി.
3. സി. ബെർലിൻ, സി. അനില തോമസ്, സി. ട്രിനിറ്റ, സി. നീനു എന്നിവർ ജൂൺ 2ന് ആലുവ സി.എം.സി ജനറലേറ്റിൽ ജൂനിയറേറ്റ് കോഴ്സിനുവേണ്ടി പോയി.
4. സി. ഡെൽന എടനാട് സ്കൂളിൽ ആറുമാസത്തെ ലീവ് വേക്കൻസിയിൽ ജോലിക്ക് കയറി.
5. ജൂൺ 23 ന് ഓഡിറ്റിംഗ് നടത്തി.
6. ജൂൺ 24 ന് ജനറലേറ്റിന്റെ ഫീസ്റ്റ് ആഘോഷിച്ചു. വിവിധ കമ്മ്യൂണിറ്റികളിൽ നിന്നുള്ള സഹോദരിമാരുടെ സാന്നിധ്യമുണ്ടായിരുന്നു.
7. ധോണിയിൽ വച്ചുനടന്ന പവർ കോൺഫെറൻസ് ധ്യാനത്തിൽ നമ്മുടെ 15 സഹോദരിമാർ പങ്കെടുത്തു.
8. ഓൾഡ് എജ് ഹോമുകളിലും രോഗികളായ സഹോദരങ്ങൾക്കിടയിലും സേവനം ചെയ്യാൻ സിസ്റ്റേഴ്സിനെ ഒരുക്കുന്നതിനായി വോളന്റിയേഴ്സ് ട്രെയ്നിംഗ് കോഴ്സ് ജൂലൈ 4, 5, 6 തിയതികളിൽ പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ നൽകുകയും പങ്കെടുത്ത 26 സിസ്റ്റേഴ്സിന് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.
9. ഇംഗ്ലീഷിൽ കൂടുതൽ പ്രാവീണ്യം ലഭിക്കുന്നതിനായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് സി. ജിസ്മയുടെയും, സി. ലിസ്യൂവിന്റെയും നേതൃത്വത്തിൽ ആരംഭിച്ചു.
10. നമ്മുടെ സഭയുടെ പുതിയ സ്പിരിച്ചൽ ഫാദർ, ഫാ. ജോർജ്ജ് തയ്യനാട്ടുവേലി VC ആണ്. നമ്മുടെ സ്പിരിച്ചൽ ഫാദർ ആയി

രുന്ന ഫ്രാൻസീസ് കൊച്ചുപറമ്പിലച്ചൻ ആഫ്രിക്കയിലെ ഉഗാണ്ടയിലേക്ക് പോയി.

11. പ്രേഷിതാരാം സന്യാസിനി സമൂഹത്തിന്റെ പൊതുമധ്യസ്ഥ പരിശുദ്ധ കന്യകാമറിയമാണ്. അമലോത്ഭവ തിരുന്നാൾ ദിനമായ ഡിസംബർ 8 (സഭാ സ്ഥാപകദിനം) ഒന്നാം തിരുനാളായി ആഘോഷിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യ ഉപമധ്യസ്ഥയാണ്.
12. ഓരോ ദിവസവും സഭയിലെ ഓരോ അംഗത്തിനും അവരുടെ കുടുംബത്തിനും വേണ്ടിയുള്ള പ്രാർത്ഥന ആരംഭിച്ചു.
13. സത്ന ഫോർമേഷൻ ഹൗസിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി ഒൻപത് ഫോർമേഷൻ കുട്ടികൾ എത്തിയിട്ടുണ്ട്.
14. ലോഗോസ് ക്വിസ് പരീക്ഷക്കൊരുക്കമായുള്ള പരീക്ഷ നമ്മൾ ആരംഭിച്ചിട്ടുണ്ട്.
15. വയോജനദിനമായ ജൂലൈ 23 ന് നമ്മുടെ ഓൾഡ് ഏജ് ഹോമിലെ അന്തേവാസികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.
16. മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ജൂൺ 30 വെള്ളിയാഴ്ച ഉപവാസവും, ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധനയും നടത്തി.
17. സിസ്റ്റർ രശ്മി മരിയ ലിസ്യു സെന്റർ മൂവാറ്റുപുഴയിൽ ഫോർമേറ്റേഴ്സ് ചെയ്യുന്നു.

**അനുമോദനം**

സി. ട്രിനിറ്റ BA മൾട്ടീമീഡിയ MG യൂണിവേഴ്സിറ്റി 1st Rank

സി. അനില തോമസ് B.Com ഉന്നതവിജയം (B+)

**അറിയിപ്പുകൾ**

- സുപ്പീരിയേഴ്സിനുവേണ്ടി ഓഗസ്റ്റ് 26ന് ക്ലാസ്സ് ഉണ്ടായിരിക്കും.
- അടുത്ത വാർഷിക ധ്യാനം ഓഗസ്റ്റ് 20 ന് ആരംഭിക്കും.
- ആധാർ കാർഡുകൾ എത്രയും പെട്ടെന്ന് എല്ലാവരും അപ്ഡേറ്റ് ചെയ്യുക. ഒക്ടോബർ മാസംവരെയുള്ളൂ അപ്ഡേഷൻ.
- സ്വന്തമായി റേഷൻകാർഡുകൾ ഉണ്ടാക്കുക.

# പരിശുദ്ധ മറിയത്തിന്റെ സ്വർഗാരോപണം



മാനുഷിക ബുദ്ധിയിൽ എല്ലാവർക്കും ഗ്രഹിക്കാൻ സാധിക്കാത്ത ഒരു കാര്യമാണ് മാതാവിന്റെ സ്വർഗ്ഗാരോപണം. ഇത് മറിയത്തെക്കുറിച്ചുള്ള സഭയുടെ വിശ്വാസ സത്യങ്ങളിൽ ഒന്നാണ്. മറിയം തന്റെ ഇഹലോകവാസത്തിന്റെ പരിസമാപ്തിയിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. 1950 നവംബർ 1 ന് പിയൂസ് 12-ാമൻ മാർപ്പാപ്പ മറിയത്തിന്റെ സ്വർഗ്ഗാരോപണ രഹസ്യത്തെ ഒരു വിശ്വാസ സത്യമായി മൂണിഫിച്ചേന്തിസീമൂസ് ദേവൂസ് (Munificentissimus Deus) എന്ന ശ്ലൈഹീക ലേഖനത്തിലൂടെ പ്രഖ്യാപിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് തിരുസഭ പഠിപ്പിക്കുന്നു. ഉൽഭവ പാപത്തിന്റെ മാലിന്യത്തിൽ നിന്നും സ്വതന്ത്രയാക്കി സൂക്ഷിക്കപ്പെട്ടിരുന്ന നിർമ്മല കന്യക അവളുടെ ഈ ലോകവാസത്തിന്റെ പരിസമാപ്തിയിൽ ആത്മ ശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു. കർത്താവ് അവളെ എല്ലാറ്റിന്റെയും രാജ്ഞിയായി ഉയർത്തി. ഇത് കർത്താക്കളുടെ കർത്താവും, പാപത്തേയും മരണത്തേയും കീഴടക്കിയവനുമായ തന്റെ പുത്രനോട് അവർ കൂടുതലായി അനുരൂപപ്പെടുവാൻ വേണ്ടിയായിരുന്നു. ഭാഗ്യവതിയായ കന്യകയുടെ സ്വർഗ്ഗാരോപണം തന്റെ പുത്രന്റെ പുനരുത്ഥാരണത്തിലുള്ള അനന്യമായ പങ്കുചേരലും മറ്റ് ക്രൈസ്തവരുടെ പുനരുത്ഥാനത്തിന്റെ മുന്നാസ്വാദനവുമാണ്. (CCC/ g66) മാതാവിന്റെ സ്വർഗ്ഗാരോപണം ക്രൈസ്തവരുടെ പുനരുത്ഥാനത്തിന്റെ മുൻ ആസ്വാദനമായിട്ടാണ് സഭ കണക്കാക്കുന്നത്. എ.ഡി.450ൽ ജെറുസലേമിലാണ് പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആരംഭിച്ചത്.

ശരീരത്തോടും ആത്മാവോടും കൂടിയുള്ള എടുക്കപ്പെടലുകൾ വിശുദ്ധ ഗ്രന്ഥത്തിൽ പല സ്ഥലങ്ങളിലും നമുക്ക് കാണാൻ സാധിക്കും. "ഹെനോക്ക് ദൈവത്തിന് പ്രിയങ്കരനായി ജീവിച്ചു. പിന്നെ

അവനെ കണ്ടിട്ടില്ല. ദൈവം അവനെ എടുത്തു." (ഉൽപ്പത്തി 5/24) വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നു. വിശ്വാസം മൂലം ഹെനോക്ക് മരണം കാണാതെ സംവഹിക്കപ്പെട്ടു. ദൈവം അവനെ സംവഹിച്ചതു കൊണ്ട് പിന്നീട് അവൻ കാണപ്പെട്ടുമില്ല (ഹെബ്ര 11/5) രാജാക്കന്മാരുടെ പുസ്തകത്തിൽ ഏലിയ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. "അവർ സംസാരിച്ചുകൊണ്ട് പോകുമ്പോൾ അതാ ഒരു അഗ്നേയ രഥവും ആഗ്നേയാശ്വങ്ങളും അവരെ വേർപെടുത്തി. ഏലിയ ഒരു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് ഉയർന്നു." (2 രാജാ 2/11) ഹേനോക്കും ഏലിയായും ഒക്കെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെങ്കിൽ ജനനം മുതൽ പരിശുദ്ധനായിരുന്ന, ദൈവപുത്രന് ജന്മം നൽകിയ പരിശുദ്ധ മറിയത്തെ ദൈവം സ്വർഗ്ഗത്തിലേക്ക് എടുക്കാതിരിക്കുമോ ?

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് മറിയ വാൾതോർത്തക്ക് ഉണ്ടായ ദർശനത്തിൽ കണ്ടത് ഇപ്രകാരമാണ്. "ദൈവദൂതന്മാർ കിടക്കയ്ക്ക് ചുറ്റും നിരന്നു. കുനിഞ്ഞ് ചലനമില്ലാത്ത ആ ശരീരം എടുത്ത് ഉയർത്തി. അവരുടെ ചിറകടി കൂടുതൽ ശക്തമായി, സംഗീതവും ശക്തമായി. അത്ഭുതകരമായി ഈശോയുടെ കല്ലറ തുറന്നതുപോലെ അവരുടെ രാജ്ഞിയുടെ ശരീരം കൊണ്ട് അവർ പോയി; ഏറ്റവും വിശുദ്ധമായ ശരീരം. എന്നാലും മഹത്വീകൃതമായിട്ടില്ല. ഉയരുന്ന ശരീരത്തിൽ തന്നെ വി. യോഹന്നാൻ ശ്ലീഹാ നോക്കിക്കൊണ്ടിരിക്കുകയാണ്. ദൈവം അവന് നൽകിയ ഒരു പ്രത്യേക അനുഗ്രഹത്താൽ അവനെ ആശ്വസിപ്പിക്കുന്നതിനും അവന്റെ ദത്തെടുക്കപ്പെട്ട അമ്മയോട് കാണിച്ച സ്നേഹത്തിന് പ്രതി സമ്മാനം നൽകുന്നതിനും അവൻ മേരിയെ വ്യക്തമായി കാണുന്നു. സൂര്യപ്രകാശത്താൽ ആവരണം ചെയ്യപ്പെട്ട് ദൈവസ്നേഹത്തിന്റെ പാരവശ്യത്തിൽ നിന്ന് മേരി ഉണർന്നു. ആത്മാവ് ശരീരത്തിലേക്ക് തിരിച്ചുവരുന്നു. അവൾ നിവർന്ന് നിൽക്കുന്നു. മഹത്വീകൃതമായ ശരീരങ്ങൾക്കുള്ള എല്ലാ വരങ്ങളും അവൾക്ക് ലഭിച്ചു കഴിഞ്ഞു. (ദൈവ മനുഷ്യന്റെ സ്നേഹഗീത Vol. XVI - 646) വിശുദ്ധ അഗസ്തിനോസ് പറയുന്നത് ഇപ്രകാരമാണ്. "പിതാവായ ദൈവത്തിന്റെ ഓമൽകുമാരിയും, പുത്രനായ ദൈവത്തിന്റെ മാതാവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ നിർമ്മല മണവാട്ടിയുമായ പരിശുദ്ധ കന്യകയുടെ തിരുശരീരം മറ്റ് മനുഷ്യരുടേ

ത്പോലെ കൃമികൾക്ക് ആഹാരമായിത്തീരുന്നത് ദൈവമഹത്വത്തിന് യോജിച്ചതല്ല.”

പരിശുദ്ധ അമ്മയെ സ്വർഗ്ഗരാജ്ഞിയായി അവരോധിച്ചതിനെക്കുറിച്ച് ഇങ്ങനെ പറയുന്നു. “സ്വർഗ്ഗത്തിന്റെ വാതിൽ ആകുന്നതിന് മുമ്പ് തന്നെ എന്റെ ഈശോ എന്നെ കാത്തു നിന്നു. വാതിൽക്കൽ നീതിമാനായ എന്റെ ഭൗമീക മണവാളൻ എന്റെ വംശത്തിൽപ്പെട്ട രാജാക്കന്മാരും, ഗോത്രപിതാക്കന്മാരും, ആദ്യത്തെ വിശുദ്ധരും രക്തസാക്ഷികളും ഉണ്ടായിരുന്നു. രാജ്ഞിയായി ഞാൻ പ്രവേശിച്ചത് വളരെ ദുഃഖിച്ചും ദൈവത്തിന്റെ ദാസിയെന്ന നിലക്ക് വളരെ എളിമപ്പെട്ടും കഴിഞ്ഞ ശേഷമാണ്. സ്വർഗ്ഗവാതിൽ അതിന്റെ രാജ്ഞിയായി മറിയത്തെ ലഭിച്ചതിലുള്ള സന്തോഷത്തിൽ വീണ്ടും അടഞ്ഞു. ഈ രാജ്ഞി മർത്യമായ എല്ലാ ശരീരങ്ങളിലും വെച്ച്, ആദ്യമായി മഹത്വീകരിക്കപ്പെട്ട, അന്തിമ നാളിലെ ഉയിർപ്പിനും അന്ത്യവിധിക്കും മുമ്പ് മഹത്വീകരിക്കപ്പെട്ട ശരീരമുള്ളവളായി” (ദൈവമനുഷ്യന്റെ സ്നേഹഗീത Vol XVI 647)

വിശുദ്ധ ഗ്രന്ഥത്തിൽ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് പറയുന്നില്ലെങ്കിലും കത്തോലിക്കാസഭ ബൈബിളിന് കൊടുക്കുന്ന അതേ പ്രാധാന്യം വിശ്വാസ പാരമ്പര്യത്തിന് കൊടുക്കുന്നുണ്ട്. വി. പൗലോസ് ശ്ലീഹാ പറയുന്നു “അതിനാൽ സഹോദരങ്ങളെ, ഞങ്ങൾ വചനം മുഖേനയോ, കത്ത് മുഖേനയോ, നിങ്ങളെ പഠിപ്പിച്ചിട്ടുള്ള പാരമ്പര്യങ്ങളെ മുറുകെ പിടിക്കുകയും അവയിൽ ഉറച്ച് നിൽക്കുകയും ചെയ്യുവിൻ. (2 തെസ 2/15) മറിയം ആത്മാവോടും ശരീരത്തോടും കൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നതു തന്നെയാണ് പാരമ്പര്യം പറയുന്നത്. കർദ്ദിനാൾ ന്യൂമാൻ പറയുന്നു; “മാതാവിനെ സ്വർഗ്ഗത്തിലേക്ക് എടുത്തേ തരമുള്ളൂ, അപ്പസ്തോലന്മാർക്ക് അപ്പസ്തോലയാണവൾ വേദസാക്ഷികൾക്ക് രാജ്ഞിയും. കാരണം അവൾ ആരെക്കാളും കൂടുതൽ സഹിച്ചവളാണ്. കന്യകമാർക്ക് അവൾ ഒരു കൈത്തിരിയായിത്തീർന്നു. വിവാഹിതർക്ക് ഒരു മാതൃകയും. ഇങ്ങനെ അതിരറ്റ ഗുണങ്ങളുള്ള മറിയം ക്രിസ്തുവിന്റെ രണ്ടാം വരവു വരെ കുഴിമാടത്തിൽ കിടക്കാൻ പാടില്ല. അവളുടെ ജീവിതം വ്യത്യസ്തമാണെങ്കിൽ അവളുടെ മരണവും വ്യത്യസ്തമായിരിക്കണം.”

പുണ്യസ്മരണാർഹനായ പോൾ ആറാമൻ മാർപ്പാപ്പ പറയുന്നത്

ഇങ്ങനെയാണ്. "പുതിയ ഹവ്വയും സഭയുടെ അമ്മയുമായ പരിശുദ്ധ ദൈവമാതാവ് ക്രിസ്തുവിന്റെ അവയവങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ മാതാവിന്റെ ധർമ്മം തുടർന്നും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നുവെന്ന് നാം വിശ്വസിക്കുന്നു." (CCC-g75) ആയതിനാൽ മാതാവിന്റെ സ്വർഗ്ഗാരോപണത്തിൽ ഉറച്ച് വിശ്വസിച്ചുകൊണ്ട് നമ്മുടെ നിത്യരക്ഷയ്ക്ക് ആവശ്യമായ ദാനങ്ങൾക്ക് വേണ്ടി അമ്മയുടെ മാദ്ധ്യസ്ഥം തേടാം. ഈ പുണ്യദിനത്തിൽ പരിശുദ്ധ അമ്മ നമ്മുടെ വഴികാട്ടിയും മാതൃകയും, നിത്യസഹായിനിയായി മാറുന്നതിന് വേണ്ടി നമുക്ക് പരിശുദ്ധ അമ്മയിലൂടെ ഈശോയിലേക്ക് നടന്ന് അടുക്കാം. സ്വർഗ്ഗാരോപണ തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ഏവർക്കും ആശംസിക്കുന്നു.

**സി. വിക്ടിമ സിപിഎസ്**



ആരാമമൊഴികളിലേക്ക്
നമ്മുടെ വിലപ്പെട്ട രചനകൾ നൽകുക.
ഫോൺ: 9188863697

# പ്രഥമ മിഷൻരംഗം - ഒരു തിരിഞ്ഞുനോട്ടം

**സി. ടെൽമ സി.പി.എസ്**

സമർപ്പണ ജീവിതം യഥാർത്ഥത്തിൽ ഒരു വെല്ലുവിളിയാണ് നമ്മുടെ ജീവിതം പൂർണ്ണമായും ദൈവതിരുമുമ്പിലും മനുഷ്യരുടെ മുമ്പിലും ഉള്ള ഒരു സമർപ്പണമാണ്. നമ്മുടെ ഓരോ പ്രവർത്തന ങ്ങളും ദൈവരാജ്യ സൃഷ്ടിക്ക് അനുയോജ്യമാകണം. അപരനുവേണ്ടി ത്യാഗമനുഷ്ഠിക്കുവാൻ ഉള്ള മനസ്സില്ലായ്മയാണ് ഇന്ന് പൊതുവെ കണ്ടുവരുന്നത്. ആരും ആർക്കുവേണ്ടിയും ഒരു ശുശ്രൂഷയും ചെയ്യാൻ തയ്യാറാകാത്ത അവസ്ഥയാണിന്നുള്ളത്. ഇത്തരമൊരു സാഹചര്യ ത്തിൽ സന്യാസത്തെ ഒരു വെല്ലുവിളിയായി സ്വീകരിച്ചുകൊണ്ട് ദൈവ ത്തിനും സഹോദരങ്ങൾക്കും വേണ്ടി ജീവിതം നീക്കി വെയ്ക്കുവാൻ തന്റേടം കാണിച്ച് ഇറങ്ങി തിരിച്ചവരാണ് നാം.

ദൈവതിരുമുഖം അപരനിൽ ദർശിച്ച് നിസ്വാർത്ഥ സ്നേഹ ശുശ്രൂഷ ചെയ്തുകൊണ്ട് ദൈവ സ്നേഹത്തിന്റെ ചൂട് പകർന്നു നൽകാൻ നമ്മുടെ ഇടപെടലുകളിലൂടെ ശാന്തിയും സമാധാനവും കണ്ടെത്താൻ, സ്വന്തമെന്നു പറയാൻ ആരോരുമില്ലാത്തവർക്ക് ദൈവം ഇണയായിട്ടുണ്ട് എന്ന ബോധ്യത്തിലേക്ക് അവരെ കെട്ടിപ്പിടിച്ചു യർത്താൻ അങ്ങനെ ദൈവ കരുണയുടേയും ദൈവസ്നേഹത്തി ന്റെയും ചൂട് പകർന്നു നൽകാൻ നമുക്ക് സാധിക്കും.

നമുക്ക് സ്വന്തമായുള്ളവയെല്ലാം ഉപേക്ഷിച്ച് സ്വന്തം ജീവനെ പ്പോലും ഉപേക്ഷിച്ച് അവിടുത്തെ അനുഗമിക്കുവാനുള്ള ആഹ്വാനം സ്വീകരിച്ച് അവിടുത്തെ സ്വന്തമായവരാണ് നാം. നിങ്ങൾ ലോകമെങ്ങും പോയി അവിടുത്തെ സുവിശേഷം അറിയിക്കുവാനുള്ള അവിടുത്തെ ആഹ്വാനം ശിരസ്സാ വഹിച്ച് പ്രഥന വ്രതവാഗ്ദാനത്തിലൂടെ അവി ടുത്തെ മിഷനറിയായിത്തീർന്ന നമ്മുടെ പ്രേഷിത തീഷ്ണതയും പ്രവർത്തനങ്ങളെയും ഒന്നു തിരിഞ്ഞു നോക്കുന്നത് ഉചിതമായിരി ക്കും.

എന്റെ അധികാരികളുടെയും ഗുരുഭൂതരുടേയും അനുഗ്രഹാശി

സ്സുകളോടെ 2000-മാണ്ട് ഫെബ്രുവരി മാസത്തോടെ പഞ്ചാബിൽ ആണ് എന്റെ മിഷൻ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. Vestition ശേഷം ഒരു പത്തുദിവസത്തെ ഇംഗ്ലീഷ് കോഴ്സിന് ശേഷം അന്ന് ജനറാളമ്മ യായിരുന്ന സിസ്റ്റർ ടെസ്സിയോടൊപ്പം കൗൺസിലേഴ്സ് ആയ Sr. Eucharist, Sr. grace, എന്നിവരും Sr. Lisieux, Sr. Noble, Sr. grace, എന്നിവ രോടൊത്താണ് ഞങ്ങൾ യാത്ര തിരിച്ചത്. അജനാലയ്ക്കായിരുന്നു ഞങ്ങൾ പോയത്. അവിടെ ഒരു ഡിസ്പെൻസറിയിൽ ആയിരുന്നു അന്ന് Punga Community താമസിച്ചിരുന്നത്. സിസ്റ്റർ മെർലിൻ ആയി രുന്നു അവിടുത്തെ സുപ്പീരിയർ. പൂങ്കയിലെ Blessings ന് ശേഷം സുപ്പീ രിയർ സിസ്റ്റർ ലിറ്റിൽ ട്രീസയോടൊപ്പം ഞാൻ Bangloore ലേക്ക് പോന്നു. അന്ന് അവിടെ ഒരു പഞ്ചാബി മീഡിയം സ്കൂളും സ്കൂളി നോട് ചേർന്ന് പള്ളിയും, അതിനടുത്ത് മഠവും ആയിരുന്നു.

ആദ്യമായി ഞാൻ സംബന്ധിച്ച ഞായറാഴ്ച കുർബ്ബാന എനിക്ക് ഇന്നും ഒളിമങ്ങാത്ത ഓർമ്മയാണ്. വസ്തി വില്ലേജിലെ എല്ലാ കാര ണവൻമാരും ഒത്തുചേർന്ന് എല്ലാ വാദ്യോപകരണങ്ങളും (ഉടുക്ക് ചെറി യ... ജിപ്സി) ഉപയോഗിച്ച് ഈണത്തിൽ ലയിച്ചിരുന്നുകൊണ്ട് ഒരു 4, 5 പാട്ട് പാടിയതിന് ശേഷമാണ് കുർബ്ബാന തുടങ്ങിയത്. അവർ നല്ല വിശ്വാസികളായിട്ടാണ് തോന്നിയിട്ടുള്ളത്. കുട്ടികളെയെല്ലാം നാം വിളി ച്ചുകൊണ്ട് വരുമായിരുന്നു. യേശുവിനെ അനുധാവനം ചെയ്യുന്ന ഒരു സ്നേഹ സമൂഹത്തെ മുന്നിൽ കണ്ടുകൊണ്ടായിരുന്നു ഇടവകയിൽ ഞങ്ങൾ പ്രവർത്തിച്ചിരുന്നത്. അവരുടെ അധ്യാത്മിക ജീവിതം മെച്ച പ്പെടുത്തുന്നതിനും, ബൈബിൾ ആഴമായി പഠിച്ച് മനസ്സിലാക്കുന്ന തിനും ഞങ്ങൾ അവരെ പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കു കയും ചെയ്തിരുന്നു. പലപ്പോഴും ബൈബിൾ വായിക്കുന്നതിനും, ജപമാല പ്രാർത്ഥനയ്ക്കും, ദിവ്യബലിക്കും അവരെ അടുത്തുള്ള വീടു കളിൽ പോയി വിളിച്ചു കൊണ്ടുവരുമായിരുന്നു.

ദൂരെയുള്ള വില്ലേജുകളിൽ നിന്നും അവർ വന്നാൽ പിന്നെ കുമ്പ സാരം, റോസറി ആരാധന കുർബ്ബാന എല്ലാം കഴിഞ്ഞെ അവർ തിരി ച്ചുപോകാറുള്ളൂ. നേർച്ച സാധനങ്ങൾ അർപ്പിക്കുന്നതിനും അവർ ഒട്ടും പിന്നിൽ ആയിരുന്നില്ല. ക്രിസ്തുമസ്സ്, ഈസ്റ്റർ എല്ലാം വളരെ ആഘോ ഷമായി അവർ ആചരിച്ചിരുന്നു. പ്രത്യേകിച്ച് വലിയനോമ്പ് വീടുക

ളിൽ എല്ലാവരും തന്നെ കുരിശിന്റെ വഴിയിൽ പങ്കെടുക്കുകയും കുരിശിന്റെ വഴിക്ക് ശേഷം മാത്രം ഭക്ഷണം കഴിക്കുകയും ചെയ്യുമായിരുന്നു. ക്രിസ്തുമസ്സ് അവസരത്തിൽ എല്ലാവരും ഒരുമിച്ച് ടെമ്പോയിലും കുടുക്കുവണ്ടിയിലും മറ്റുമായി കരോളിന് പോകുമായിരുന്നു. ഡിസംബർ മാസത്തിലെ നല്ല തണുപ്പിൽ എല്ലാവരും ഒരുമിച്ച് പോയി കരോൾ ഗാനമാലപിച്ച് ഉണ്ണീശോയുടെ ജനനം വിളിച്ചറിയിച്ച് സന്തോഷമായി മാറുമ്പോൾ വാസ്തവത്തിൽ ഉണ്ണീശോയെ കണ്ടു സന്തോഷിച്ച ആട്ടിടയരുടെ സന്തോഷമായിരിക്കും എല്ലാവരുടേയും മുഖത്ത്. പല സ്ഥലത്തും തീ കത്തിച്ച് തീ കാഞ്ഞുകൊണ്ടാണ് അടുത്ത വില്ലേജിലേക്ക് യാത്രയാവുന്നത്. ആ നല്ല നാളുകളുടെ ഒളി മങ്ങാത്ത ഓർമ്മകൾ ഇന്നും മനസ്സിന്റെ മണിച്ചെപ്പിൽ സൂക്ഷിക്കുന്നു.

സമർപ്പിതരായ നമുക്ക് ഉണ്ടായിരിക്കേണ്ട ഏറ്റവും മഹത്തായ ഗുണം മാനുഷികതയാണ്. മാനുഷികതയുടെ സൗന്ദര്യം ദൈവീക സൗന്ദര്യത്തിന്റെ പ്രതിഫലനമായിട്ടാണ് എന്നും അംഗീകരിക്കപ്പെട്ടിട്ടുള്ളത്. മറ്റുള്ളവരുടെ ഉയർച്ചയിലും നേട്ടത്തിലും സന്തോഷിക്കാൻ നമുക്ക് സാധിക്കണം. അവരുടെ വേദനകളും പ്രയാസങ്ങളും നമ്മുടേതായി നാം കരുതണം. പഞ്ചാബികൾ പൊതുവെ വിശ്വസിക്കുന്നവരെ ഒരിക്കലും വെറും കയ്യോടെ പറഞ്ഞയക്കാറില്ല. ഗുരുദ്വാരയും നമ്മുടെ പള്ളിയും എന്നും ഒരു മ്യൂച്ചൽ അണ്ടർസ്റ്റാന്റിംഗിൽ ആയിരുന്നു. ഗുരുദ്വാരയിലെ പൂക്കൾ നമ്മുടെ ആൾത്താരയിൽ അലങ്കരിക്കുന്നതിനായി തരാറുണ്ട്. യാതൊരു മടിയും കാണിക്കാതെ...

നമ്മുടെ മിഷൻ പ്രവർത്തനങ്ങൾ പ്രധാനമായും പാവപ്പെട്ടവരായ ക്രിസ്ത്യാനികളുടെ ഉന്നമനത്തെ ലക്ഷ്യമാക്കിയിട്ടുള്ളതായിരുന്നു. പ്രാഥമിക വിദ്യാഭ്യാസമെങ്കിലും എല്ലാവർക്കും ലഭിക്കുന്നതിനും, ആരോഗ്യം, ശുചിത്വം എന്നിവയെക്കുറിച്ചും അവരെ മനസ്സിലാക്കി കൊടുക്കുന്നതിനും ഞങ്ങൾ പരിശ്രമിച്ചിരുന്നു. അജ്ഞത മൂലം മറ്റുള്ളവരാൽ ചൂഷണം ചെയ്യപ്പെടാതിരിക്കാൻ ഇത് അവരെ വളരെയധികം സഹായിച്ചു.

ഞങ്ങൾ ബാഗ്സറിൽ വന്നപ്പോൾ തന്നെ പഞ്ചാബി ഭാഷ പഠിക്കുന്നതിന് ഒത്തിരി പ്രോത്സാഹനം ലഭിക്കുകയുണ്ടായി. എനിക്ക് ഭാഷാ പഠനത്തിനായി ഒരു ട്യൂഷൻ സാറിനെ അറേഞ്ച് ചെയ്ത് തന്നു. തുടർന്ന്

മൂന്നുമാസം എന്നും വില്ലേജ് വിസിറ്റും ഉണ്ടായിരുന്നു. വിസിറ്റേഴ്സും ഇടവകയിലെ ചില അമ്മമാരും എന്നെ ഒത്തിരി പ്രോത്സാഹിപ്പിച്ചിട്ടുണ്ടായിരുന്നു.

അങ്ങനെ Bagsar ന്റെ തൊട്ടടുത്ത ഗ്രാമമായ ഗന്ധഡ് എന്ന വില്ലേജിൽ ഞങ്ങൾ പോകുവാൻ ആരംഭിച്ചു. അവിടെ പല കാരണങ്ങളാൽ സ്കൂളിൽ പോകാൻ സാധിക്കാതിരുന്ന ധാരാളം കുട്ടികൾ ഉണ്ടായിരുന്നു. ഗന്ധഡിൽ രണ്ട് ക്രിസ്റ്റ്യൻ കുടുംബങ്ങളും ഉണ്ടായിരുന്നു. ഇവരുടെ ഒരു വീട്ടിൽ ആയിരുന്നു ഞങ്ങൾ പഠിപ്പിക്കാൻ ആരംഭിച്ചത്. പിന്നീട് കുട്ടികൾക്ക് ഇരിക്കാൻ സൗകര്യം ഇല്ലാതെ വന്നപ്പോൾ സർപ്പച്ചിനെ കണ്ട് ആവശ്യം അറിയിച്ചു. അദ്ദേഹം ഗന്ധഡിലെ ധർമ്മശാല പുതുക്കിപ്പണിത് അതിൽ ബഞ്ചുകൾ പണിയിച്ചു തന്നു. അങ്ങനെ ധർമ്മശാലയിൽ ഞങ്ങൾ പഠിപ്പിക്കാൻ തുടങ്ങി. നന്തിഗഢിൽ കുട്ടികളേക്കാൾ അമ്മമാരാണ് ക്ലാസിൽ പങ്കെടുത്തിരുന്നത്.

ഡബ്ബുവാലി എന്ന ഗ്രാമത്തിൽ 2 ക്രിസ്റ്റ്യൻ ഫാമിലിയാണുണ്ടായിരുന്നത്. ഒരു ഡാൻസുകാരുടെ കുടുംബവും വേറൊരു കുടുംബവും അവിടെ അച്ചനും, (ഫാ. ബെന്നി വല്ലോറം) ബാബുജിയും ഞങ്ങൾ Sr. Saniയും ഞാനും ആണ് പോയിരുന്നത്. കാറ്റികിസവും പാട്ടുകളും ഞങ്ങൾ പഠിപ്പിച്ചിരുന്നതോടൊപ്പം വി.കുർബ്ബാനയെക്കുറിച്ചും അവരെ പറഞ്ഞ് മനസ്സിലാക്കിയിരുന്നു. ആശ്രമത്തിലുള്ളവരെല്ലാം ഞങ്ങളുടെ പ്രാർത്ഥനയിൽ പങ്കുചേരാൻ അവിടെ ഒന്നിച്ചുകൂടുമായിരുന്നു. ബഗ്സാർ റെയിൽവേ സ്റ്റേഷനിൽ നിന്ന് ട്രെയിൻ മാർഗ്ഗമാണ് ഞങ്ങൾ ആ വില്ലേജിൽ പോയിരുന്നത്. ഒത്തിരി സ്നേഹമുള്ള നിഷ്ക്കളങ്കരാണ് അവിടെയുള്ളവർ എന്ന് തോന്നിയിട്ടുണ്ട്. അവരെയൊക്കെ യേശുവിന്റെ സ്നേഹം മനസ്സിലാക്കിക്കൊടുക്കുവാൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

അക്കാലങ്ങളിൽ ബഗ്സാർ സ്റ്റേഷനിൽ വാഹനമൊന്നും ഇല്ലായിരുന്നു. പലപ്പോഴും ട്രാക്ടർ ഒക്കെയാണ് കിട്ടുക അതിൽ ഞങ്ങൾ കയറിപ്പോരും.

ഒരിക്കൽ ചിബ്ഢവാലി എന്ന സ്ഥലത്ത് ഒരാളുടെ വീട്ടിൽ പ്രാർത്ഥനയ്ക്ക് പോയി. നേരം വൈകിയതുകൊണ്ട് ഒരു വാഹനവും

കിട്ടിയില്ല. അത്രയും ദൂരം കാൽനടയായാണ് ഞങ്ങൾ മഠത്തിൽ എത്തിയത്. പഞ്ചാബികൾ സ്ത്രീകളെ വളരെയധികം ബഹുമാനിക്കുന്നവർ ആണ്. ബസ് കിട്ടാത്ത സമയത്ത് ട്രാക്ടറിൽ വരേണ്ടി വരുമ്പോൾ ഞങ്ങൾ സിസ്റ്റേഴ്സിനെ ട്രാക്ടറിന്റെ സീറ്റിൽ ഡ്രൈവറുടെ വശങ്ങളിൽ ഇരുത്തും. പക്ഷേ അച്ചനും ബാബുജിയും ട്രാക്ടറിന്റെ ഉള്ളിൽ നിന്ന് പോരേണ്ടി വന്നിട്ടുണ്ട്.

2000 ജൂൺമാസത്തിൽ ഒരു ദിവസം ഞങ്ങൾ ഇടവകപ്പള്ളിയിൽ വൈകുന്നേരം കൊന്തനമസ്കാരം ചൊല്ലിക്കൊണ്ടിരിക്കുകയായിരുന്നു. ഒരു വലിയ പൊടിക്കാറ്റും എല്ലാം വന്നു. പെട്ടെന്ന് ഇരുട്ട് വ്യാപിച്ച് കൊടുങ്കാറ്റും ആരെയും കാണാൻ പറ്റാത്തതുപോലെ പൊടിക്കാറ്റ് പള്ളി വാതിലുകൾ ആടിയുലഞ്ഞു ജനാലകൾ കൊട്ടിയടച്ചു ഞങ്ങളും കുട്ടികൾ എല്ലാവരും ഉച്ചത്തിൽ സ്തുതിച്ച് ദൈവകരുണയ്ക്കായി പ്രാർത്ഥിച്ചു. പച്ചക്കറി വിറ്റുവന്ന കച്ചവടക്കാരനും എല്ലാം അന്ന് ഓടി പള്ളിയിൽ അഭയം തേടി. കൊടുങ്കാറ്റിന്റെ മൂളലും മരങ്ങൾ വളഞ്ഞ് നിലത്തു മുട്ടുന്നപോലെയായിരുന്നു കാറ്റ്. അവസാനം പൊടിക്കാറ്റ് ശമിച്ചു ഒരു മഴയോടുകൂടി പിന്നീട് ആണ് എല്ലാവരും പള്ളിയിൽ നിന്ന് പോയത്. മഴ കഴിഞ്ഞാൽ ഭയങ്കര ചെളിയായിരുന്നു. ഇഷ്ടിക യിട്ടത് പിന്നീടാണ്.

ഒരിക്കൽ ഞങ്ങൾ മേവതർ വില്ലേജിലേക്കു പോകുവാൻ ഇറങ്ങി എന്നാൽ എനിക്ക് ഒരു ഉൾപ്രേരണ ഒരു അമ്മാമ്മ (രജിന്തറിന്റെ അമ്മാമ്മ) സുഖമില്ലാതെ കിടപ്പുണ്ടായിരുന്നു. അവിടെ ഒന്ന് പോകണമെന്ന്. ഞാൻ അച്ചനോടും സിസ്റ്റർ സാനിയോടും പറഞ്ഞു നമുക്കവിടെ ഒന്നു കേറിയിട്ടുപോകാം എന്ന്. ഞങ്ങൾ അവിടെ ചെല്ലുമ്പോൾ ആ സമയത്ത് അമ്മാമ്മ തനിച്ച് ആ വീട്ടിൽ മരണ വേദനയനുഭവിക്കുന്ന കാഴ്ചയാണ് ഞങ്ങൾ കണ്ടത്. ഉടനെ അമ്മാമ്മയ്ക്ക് വെള്ളം കൊടുക്കുന്നതിനും ഞങ്ങൾക്ക് സാധിച്ചു. അങ്ങനെ അമ്മാമ്മ മരിച്ചു. ഇത് മറക്കാനാവാത്ത ഒരു ഓർമ്മയായി ഇന്നും അവശേഷിക്കുന്നു.

■

# ദൈവത്തിന്റെ ശക്തമായ കരങ്ങളിൽ സമർപ്പിക്കുക



സി. ജെയ്നി സി.പി.എസ്

പെൻസിൽ മേക്കറിന്റെ കഥ നമ്മ ളിൽ പലരും കേട്ടിട്ടുണ്ടാകും. പെട്ടിക്കുള്ളിൽ വയ്ക്കുന്നതിന് തൊട്ടുമുമ്പ് അയാൾ പെൻസിൽ കയ്യിലെടുത്തു. അവൻ പെൻസിലിനോട് പറഞ്ഞു, ലോകത്തിലേക്ക് പോകുന്നതിന് മുമ്പ് നിങ്ങൾ അറിയേണ്ട അഞ്ച് കാര്യങ്ങളുണ്ട്. അവരെ എപ്പോഴും ഓർക്കുക, ഒരിക്കലും മറക്കരുത്, നിങ്ങൾക്ക് മികച്ച പെൻസിൽ ആകാൻ കഴിയും. ആദ്യത്തേത് : നിങ്ങൾക്ക് ഒരുപാട് മഹത്തായ കാര്യങ്ങൾ ചെയ്യാൻ കഴിയും, എന്നാൽ ഒരാളുടെ കൈയിൽ പിടിക്കാൻ നിങ്ങൾ നിങ്ങളെ അനുവദിച്ചാൽ മാത്രം. രണ്ടാമത്തേത്: നിങ്ങൾ കാലാകാലങ്ങളിൽ വേദനാജനകമായ മൂർച്ച കൂട്ടാൻ പോകുകയാണ്, എന്നാൽ ഒരു മികച്ച പെൻസിൽ ആകാൻ നിങ്ങൾക്കത് ആവശ്യമാണ്. മൂന്നാമത്: നിങ്ങൾ വരുത്തിയേക്കാവുന്ന എല്ലാ തെറ്റുകളും നിങ്ങൾക്ക് തിരുത്താൻ കഴിയും. നാലാമത്തേത്: നിങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം എല്ലായ്പ്പോഴും അകത്തും പുറത്തുമുള്ളതായിരിക്കും. അഞ്ചാമത്: നിങ്ങൾ ഉപയോഗിക്കുന്ന എല്ലാ പ്രതലത്തിലും, നിങ്ങൾ നിങ്ങളുടെ അടയാളം ഇടണം. ഏത് സാഹചര്യത്തിലും നിങ്ങൾ എഴുതുന്നത് തുടരണം. പെൻസിൽ മനസ്സിലാവുകയും ഓർമ്മിക്കാമെന്ന് വാഗ്ദാനം ചെയ്യുകയും ഹൃദയത്തിൽ ലക്ഷ്യവുമായി പെട്ടിയിലേക്ക് പോയി. ഇനി നമുക്ക് പെൻസിലിന്റെ സ്ഥാനം മാറ്റിസ്ഥാപിക്കാം. പെൻസിൽ മാർക്കറിന്റെ വാക്കുകൾ എപ്പോഴും ഓർക്കുക, അത് നമ്മെ ഏറ്റവും മികച്ച വ്യക്തിയാക്കും. ഒന്നാമത്തേത്: നമുക്ക് ഒരുപാട് മഹത്തായ കാര്യങ്ങൾ ചെയ്യാൻ കഴിയും, എന്നാൽ ദൈവത്തിന്റെ കൈകളിൽ നമ്മെത്തന്നെ പിടിക്കാൻ അനുവദിച്ചാൽ മാത്രം. 'ദൈവത്തിന്റെ കര

ങ്ങളിൽ നിങ്ങൾ സ്വയം സമർപ്പിക്കപ്പെട്ടാൽ ദൈവം നിങ്ങളെ എങ്ങനെ ഉപയോഗിക്കുമെന്ന് ലോകം അറിയുകയില്ല' എന്ന് ചരിത്രം പറയുന്നു. രണ്ടാമത്തേത്: ജീവിതത്തിലെ വിവിധ പ്രശ്നങ്ങളിലൂടെ കടന്നുപോകുന്നതിലൂടെ, കാലാകാലങ്ങളിൽ വേദനാജനകമായ മൂർച്ച കൂട്ടുന്നത് നമുക്ക് അനുഭവപ്പെടും, എന്നാൽ ശക്തനായ ഒരു വ്യക്തിയാകണമെങ്കിൽ നമുക്ക് ആവശ്യമാണ്. മൂന്നാമത്: നമുക്ക് സംഭവിച്ചേക്കാവുന്ന തെറ്റുകൾ തിരുത്താൻ കഴിയും. നാലാമത്തേത്: നമ്മുടെ പ്രധാന ഭാഗം എല്ലായ്പ്പോഴും ഉള്ളിൽ തന്നെ ആയിരിക്കും അതിനെ തിരിച്ചറിയുക അഞ്ചാമത്തേത് : നമ്മൾ നടക്കുന്ന ഓരോ പ്രതലത്തിലും നമ്മുടെ മുദ്ര പതിപ്പിക്കണം. എന്ത് സാഹചര്യമുണ്ടായാലും നമ്മൾ നമ്മുടെ കടമകൾ ചെയ്തുകൊണ്ടേയിരിക്കണം. നമ്മൾ ഒരു പ്രത്യേക വ്യക്തിയാണെന്നും, നമ്മെ ഓരോരുത്തരെയും ദൈവം ജനിപ്പിച്ചത് തന്റെ ലക്ഷ്യം നിറവേറ്റുവാൻ ആണെന്നുള്ള ബോധ്യം ഓരോ വ്യക്തിയുടെയും പ്രതേകിച്ച് സമർപ്പിതരായ നമ്മളിലും ഉണ്ടായിരിക്കണം എന്ന് ഈ പെൻസിലിന്റെ കഥ നമ്മെ ഓർമപ്പെടുത്തുന്നു. ഒരിക്കലും നിരുത്സാഹപ്പെടാനും നമ്മുടെ ജീവിതം നിസ്സാരമല്ലന്നും, ഒരു മാറ്റമുണ്ടാക്കാൻ നമ്മുടെ ഈ സമർപ്പിത ജീവിതത്തിനു കഴിയില്ലെന്നും ചിന്തിക്കാൻ അനുവദിക്കരുത്. ഈ പെൻസിൽ പോലെ ഒത്തിരിപേരുടെ കാര്യങ്ങളിലൂടെ സഞ്ചരിച്ചും, അനേകം കാഴ്ചകൾ കണ്ടും, മറ്റുള്ളവർക്കുവേണ്ടി മാറ്റിവെക്കുമ്പോൾ ആണ് ജീവിതം ഒരു അതിശയകരമായ സംഗതിയും അത് ഏറ്റവും ആവേശഭരിതവുമാകുന്നത്.

ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും
നിങ്ങളുടെ ജീവിതത്തിലേക്ക് വരുന്നത്
നിങ്ങളെ തകർക്കാനല്ല.
മറിച്ച് നിങ്ങളുടെ ഉള്ളിലെ
കഴിവുകളേയും ശക്തിയേയും
തിരിച്ചറിയിച്ചു തന്ന്
സഹായിക്കാനാണ്.

# പരിശുദ്ധ അമ്മ

സെപ്റ്റംബർ 8 പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ ദിവസമാണ്. ഉണ്ണിമേരി പിറന്ന ദിവസം. ഈ പരിശുദ്ധ ദിനം കത്തോലിക്കസഭ വിശുദ്ധമായി ആചരിക്കുന്നു. അതിനായി പരി.അമ്മയുടെ നാമധേയത്തിൽ സ്ഥാപിതമായ പള്ളികളിൽ 8 ദിവസത്തെ നോമ്പ് ആചരണവും നൊവേനയും പ്രത്യേകമായി നടത്തി ഒരുങ്ങുന്നു. സ്വർഗ്ഗവും ഭൂമിയും ഒന്നിച്ചാനന്ദിക്കുന്ന ദിവസമാണ് സെപ്റ്റംബർ 8. എന്നാൽ അവളുടെ ഉത്ഭവം, ജനനം, ജീവിതം, ഉയിർപ്പ്, സ്വർഗ്ഗാരോപണം തുടങ്ങിയ ജീവിത രഹസ്യങ്ങളൊന്നും സുവിശേഷങ്ങളിൽ നാം കാണുന്നില്ല. കാരണം മറിയം തന്റെ ഐഹികജീവിതത്തിൽ ആരാലും അറിയപ്പെടാത്തവളായിരിക്കാൻ ആഗ്രഹിച്ചു. അവൾ സ്വയം മറ്റുള്ളവരിൽ നിന്നും അവളെ മറച്ചുവെച്ചു. ദൈവത്തിനുമാത്രം അറിയപ്പെട്ടവളായി ജീവിക്കുക എന്നതിനെ മറികടക്കുന്ന മറ്റൊരു താൽപര്യവും ഇല്ലാത്ത വിധത്തിൽ അത്യഗാധമായിരുന്നു അവളുടെ എളിമ. ഇങ്ങനെ മറച്ചുവെക്കുന്നതിൽ ദൈവം ആനന്ദം കൊണ്ടു. അവളുടെ മാതാപിതാക്കൾപോലും അവളെ തിരിച്ചറിഞ്ഞില്ല. മാലാഖമാർ പരസ്പരം ചോദിച്ചു. “ഇവൾ ആരാണ് ? (ഉത്തമ 3/6, 8/15) എന്തുകൊണ്ടെന്നാൽ അത്യുന്നതൻ അവളെ പരിപൂർണ്ണമായി അവരിൽ നിന്നും മറച്ചുവെച്ചു.

“കർത്താവ് കൂടെയുള്ള നന്മ നിറഞ്ഞവൾ” ഗബ്രിയേൽ ദൈവദൂതനെക്കൊണ്ട് ദൈവം അഭിസംബോധന ചെയ്യിച്ച വചനം (ലൂക്കാ 1/28) പരി. മറിയം ദാവീദിന്റെ വംശത്തിൽപ്പെട്ട ജൊവാക്കിമിന്റെയും അന്നായുടെയും മകളായി ജനിച്ചു. മറിയത്തിന്റെ ജനനം ഉഷകാലനക്ഷത്രത്തിന്റെ ഉദയമാണ്. ഈശോ ദൈവപുത്രനാകയാൽ മേരി ദൈവമാതാവാണ്. ഉത്തമഗീതത്തിൽ മണവാളൻ പറയുന്നു “മുള്ളുകളുടെ ഇടയിൽ ലില്ലിയെപ്പോലെയാണ് മക്കളിൽ എന്റെ പ്രിയ അങ്ങ് സുന്ദരിയാണ്. “അങ്ങയിൽ യാതൊരു കുറവുമില്ല” നന്മ നിറഞ്ഞവളാണ്.” “സർപ്പത്തിന്റെ തല തകർത്തവളാണ്”

മറിയം അത്യുന്നതന്റെ ഏറ്റവും വിശിഷ്ടമായ മാസ്റ്റർ പീസാണ്. അവളെയും അവളെപ്പറ്റിയുള്ള അറിവിനേയും അവിടുന്ന് തനിക്ക് മാത്ര

മായി സംവരണം ചെയ്തു. അവൾ ദൈവപുത്രന്റെ അനുപമമാതാവാണ്. പുത്രൻ തന്റെ അമ്മയെ അവളുടെ ജീവിതകാലത്ത് മറച്ചുവെച്ചുകൊണ്ട് വിനീതയായി സൂക്ഷിച്ചു. തന്റെ ഹൃദയത്തിൽ അവളോടുള്ള സ്നേഹവും ബഹുമാനവും നിറഞ്ഞു കവിഞ്ഞിട്ടും അപരിചിതയെ എന്നപോലെ "സ്ത്രീ" എന്ന് സംബോധന ചെയ്തുകൊണ്ട് അവളുടെ വിനയത്തെ പരിപോഷിപ്പിച്ചു. അവൾ "മുദ്രവെച്ച നീരുറവയാണ്" (ഉത്തമ 4/13) പരിശുദ്ധമാതാവിന്റെ വിശ്വസ്തയായ മണവാട്ടിയാണവൾ. അവൾ പരി. ത്രിത്വത്തിന്റെ വിശ്വസ്തവും പരിശുദ്ധവുമായ ആലയമാണ്.

പുതിയ ആദത്തിന്റെ ഭൗമീക പറുദീസയാണ് പരി. മറിയം. അവൾ സർവ്വശക്തന്റെ വിശിഷ്ടവും ദിവ്യവുമായ ലോകമത്രേ. അവൾ അത്യുന്നതന്റെ മഹത്വമാണ്. ഐശ്വര്യമാണ്. അത്യഗാധമായ എളിമയുടെ ഉടമയായിരുന്നിട്ടും അവൾ സമ്മതിച്ച് ഏറ്റ് പറയാൻ നിർബന്ധിതയായി. ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. (Luk:1/49) അവളുടെ സ്നേഹം ഭൂമിയേക്കാൾ വിശാലവും തിട്ടപ്പെടുത്താൻ കഴിയാത്തതുമാണ്. അവളുടെ വിനയം അഗാധവുമാണ്.

ഒൻപതുവൃന്ദം മാലാഖമാരും മാനവരാശി മുഴുവനും, മതങ്ങളും വ്യവസ്ഥിതികളും ദുഷ്ടാരൂപികൾപോലും സത്യത്തിന്റെ അപ്രതിരോധ്യമായ ശക്തിയാൽ പ്രേരിതരായി മറിയത്തെ അനുഗ്രഹീതയെന്നു വിളിക്കുന്നു. സ്വർഗ്ഗീയ സൈന്യങ്ങളുടെ രാജകുമാരൻ എന്നറിയപ്പെടുന്ന മിഖായേൽപോലും ഏറ്റവും തീക്ഷ്ണതയോടെ അവളെ ബഹുമാനിക്കുന്നു. അവളുടെ മഹത്വം വിശ്വമാകെ നിറഞ്ഞു നിൽക്കുന്നു. നരക പിശാചുക്കൾ പോലും അവളെ ഭയപ്പെടുന്നു. പരി.മറിയം ദൈവപുത്രന്റെയും ദൈവജനത്തിന്റെയും അമ്മയാണ്. ലോകം മുഴുവന്റെയും അമ്മ സഹരക്ഷക ദൈവമാതാവ് സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയാണ്. ഈ ഗോവണി വഴി ദൈവം ഇറങ്ങിവന്നു. ഈ ഗോവണി വഴി മനുഷ്യർ സ്വർഗ്ഗത്തിലേക്കു കയറിപോകണം. (വി. അബ്രോസ്) നിങ്ങൾക്ക് പരി.അമ്മയെ മനസ്സിലാക്കണമെങ്കിൽ പുത്രനെ മനസ്സിലാക്കുക എന്തുകൊണ്ടെന്നാൽ അവൾ ദൈവത്തിന് അനുഗുണയായ അമ്മയാണ്. യേശുവിനെ ആദ്യമായി ഭൂമിയിലേക്ക് കൊണ്ടുവരികയും മഹത്വത്തോടെയുള്ള രണ്ടാമത്തെ ആഗമനത്തിന്

ലോകത്തെ ഒരുക്കുകയും ചെയ്യേണ്ടവളാണ് പരിശുദ്ധ കന്യകാമറിയം.

ആയതിനാൽ പരിശുദ്ധാത്മാവിനോട് ചേർന്ന് നമുക്കും പറയാം. "രാജകുമാരിയുടെ അഴകെല്ലാം ആന്തരീകമാകുന്നു"(സങ്കീ 44/14)

അപ്പസ്തോലനോടുകൂടി നമുക്കും ഉദ്ദീരണം ചെയ്യാം. "കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല" 1 കൊരി 2/9) എന്നും.

**സിസ്റ്റർ ഗ്രേസ് സിപിഎസ്**



---

*വിദ്വേഷം കൊണ്ട് വിദ്വേഷത്തെ ഇല്ലാതാക്കാൻ കഴിയില്ല*
*സ്നേഹം കൊണ്ട് വിദ്വേഷത്തെ ഇല്ലാതാക്കാം*




# യേശുക്രിസ്തു എന്നെ സ്വന്തമാക്കി

എന്നെ അനുഗമിക്കുക എന്ന യേശുക്രിസ്തുവിന്റെ ആഹ്വാനം ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് കൽക്കട്ടയിലെ തെരുവുകളിൽ പാവങ്ങളെ സേവിച്ച വി. മദർ തെരേസയുടെ ജീവിതമാണ് എന്നെ ഏറ്റവും അധികം സ്വാധീനിച്ചത്. ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ ടീച്ചർ ഞങ്ങളോട് ആരാകണം എന്നെഴുതാൻ പറഞ്ഞു. അതുവരെ എന്റെ ഉള്ളിൽ ഉണ്ടായിരുന്ന സ്വപ്നം ഞാൻ തുറന്നെഴുതി. പാവങ്ങളുടെ അമ്മയായ മദർ തെരേസയെ പോലെ ഒരു വിശുദ്ധയായ സിസ്റ്ററാകണം. വീട്ടിൽ സന്ധ്യാപ്രാർത്ഥനയിൽ അമ്മ ചൊല്ലുന്ന ഒരു പ്രാർത്ഥനയുണ്ട്. ഞങ്ങളുടെ കുടുംബങ്ങളിൽ ദൈവവിളി നൽകണമേയെന്ന് ഇതു കേൾക്കുമ്പോൾ ഞാൻ ചിന്തിക്കാറുണ്ട്. അത് ഞാൻ തന്നെയാണെന്ന്. 10-ാം ക്ലാസ്സ് കഴിഞ്ഞു എനിക്കും വീട്ടുകാർക്കും കുറച്ചുകൂടി ഉറപ്പുവരുത്താൻ പ്ലസ്ടു കഴിയുന്നതുവരെ കാത്തുനിന്നു. ഞാൻ എന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. അങ്ങനെ 2019 ജൂൺ 12-ാം തിയ്യതി ഞാൻ കാലടിയിൽ എത്തി. ആദ്യത്തെ ഒരാഴ്ച വീട്ടിൽ നിന്നും മാറിയതിന്റെ സങ്കടമായിരുന്നു. പിന്നെ എല്ലാം പതിയെ ഉൾക്കൊണ്ടു. കൊച്ചുകൊച്ചു പിണക്കങ്ങളും ഇണക്കങ്ങളും കളികളും ആയി ഈശോയെ കൂടുതൽ

സ്നേഹിച്ചുകൊണ്ട് ആസ്പരൻസിക്കാലം കഴിഞ്ഞു. അവസാനമായ പ്പോഴേക്കും കൊറോണയും വന്നു. വീട്ടിൽ പോകാൻ പറ്റിയില്ല.

ദൈവപരിപാലനയെപ്പറ്റി ആഴമായി ചിന്തിക്കുകയും അതിൽ ദൃഢ മായി വിശ്വാസമർപ്പിക്കുകയും ചെയ്തുകൊണ്ട് പോസ്റ്റുലൻസി യിലേക്ക് കയറി. കൂടെയുണ്ടായിരുന്നവരെല്ലാം തിരിച്ചുപോയി. മന സ്സിൽ ഒത്തിരി പ്രയാസങ്ങൾ തോന്നി. എങ്കിലും സർവ്വശക്തൻ ഞങ്ങളെ താങ്ങി നിർത്തി. ഒത്തിരിയേറെ കുറവുകളുണ്ടെങ്കിലും അതെല്ലാം നിറവുകളാക്കി ഈശോ നവസന്യാസകാലത്തിലേക്ക് കട ത്തിവിട്ടു. കുറച്ചുകൂടി ഈശോയോടൊപ്പം ചേർന്നുകൊണ്ട് നൊവി ഷ്യറ്റു ഭവനത്തിലായിരുന്നപ്പോൾ ഒത്തിരി സന്തോഷമായിരുന്നു. ചില പ്പോൾ പ്രലോഭനങ്ങളിലൂടെ കടന്നുപോകുമ്പോൾ എനിക്ക് നിന്നെ ക്കുറിച്ച് ഒരു പദ്ധതിയുണ്ട്. അതു നിന്റെ നാശത്തിനല്ല. ക്ഷേമത്തിനു വേണ്ടിയുള്ളതാണെന്ന വചനം എനിക്ക് കൂടുതൽ ശക്തി പകർന്നു. ഒരു യാത്രയ്ക്കുപോകുമ്പോൾ അത് ദീർഘദൂരമാണെങ്കിലും ചെറിയ ദൂരമാണെങ്കിലും നാം ഒന്ന് ചെറുതായെങ്കിലും ഒരുങ്ങും അതുപോ ലെയാണ് ആത്മീയ യാത്രയും ഓരോ ദിവസവും ഉണരുമ്പോൾ ഈ യാത്രയ്ക്ക് നന്നായി ഒരുങ്ങണമെന്ന് ഞാൻ മനസ്സിലാക്കി. പഠിച്ച കാര്യങ്ങളെല്ലാം പ്രാവർത്തികമാക്കിയ സമയമായിരുന്നു. എന്റെ റീജ യൻസി കാലഘട്ടം ആത്മീകമായും ബാഹ്യമായും എനിക്കു പുരോഗ തിയുണ്ടായത് 52 ദിവസത്തെ ധ്യാനത്തിലൂടെ ഞാൻ എന്റെ ദൈവ വിളി ഉറപ്പിച്ചു. ക്രിസ്തുവിൽ പാവങ്ങളെ സേവിക്കുക എന്ന മുദ്രാ വാക്യം ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് നീ ഒരു വിശുദ്ധയാകണം മഹാവിശുദ്ധയാകണം എന്ന് സ്ഥാപക പിതാവ് പറഞ്ഞ വാക്കുകൾ ഹൃദയത്തിൽ മന്ത്രിച്ചുകൊണ്ടാണ് അൾത്താരയിലേക്ക് ഞാൻ നടന്ന ടുത്തത്. ഈ കഴിഞ്ഞ 4 വർഷവും ഈശോയുടെ മണവാട്ടിയാകാ നുള്ള എന്റെ ആഗ്രഹത്തിന് ഒത്തിരിയേറെ പേരുടെ പ്രാർത്ഥനയും സഹായങ്ങളും പരിശുദ്ധ അമ്മയുടെ സംരക്ഷണവും എനിക്കുണ്ട് നന്ദി... ഒരായിരം നന്ദി.

**Sr. Akila C.P.S**

# ഓരോ വ്യക്തിയുടേയും കാത്തിരിപ്പിന്റെ കാലം

ഫിലിപ്പി. 3:20

ഏൽപ്പിച്ച കാര്യങ്ങൾ അതിന്റെ തനിമയിലും വിശ്വസ്തതയിലും പൂർണ്ണതയിലും നിറവേറ്റി കടന്നുപോയവരുടെ മധുര സ്മരണയും, ഇനി കടന്നുപോകാൻ കാത്തിരിക്കുന്ന എല്ലാവരുടേയും ഓർമ്മയ്ക്കു മുമ്പിൽ നിന്ന് നമിച്ചുകൊണ്ട് ഏതാനും ചിതറിയ ചിന്തകൾ കുറിക്കട്ടെ.

വിടപറയും മുമ്പേ തന്റെ 75-ാം വയസ്സിൽ ലോകം വിട്ടുപോകേണ്ടി വന്ന ഒരു കച്ചവടക്കാരൻ എഴുതി വെച്ച ഒത്തിരി നേട്ടങ്ങൾ ഞാൻ കൊയ്തുകൂട്ടിയ സമ്പത്ത്, സ്ഥാനമാനങ്ങൾ, എല്ലാം രോഗിയായ ഞാൻ ആശുപത്രി കിടക്കയിൽ കിടന്നപ്പോൾ ഞാൻ ഓർത്തുപോയി. എനിക്ക് ഇതിൽ നിന്നും മോചനമില്ല. ഞാൻ അദ്ധ്വാനിച്ചു രാത്രി പകലാക്കി പണിയെടുത്തു. തിരിഞ്ഞുനോക്കുമ്പോൾ എന്റെ ജീവീതം, ആത്മീയ ജീവിതം അമ്പേ പരാജയം, താൻ ആർക്കുവേണ്ടി നേടി. വാഹനം ഓടിക്കാൻ ഒരു ഡ്രൈവറേയോ വീട്ടുജോലിക്കായി ആരെയുമെങ്കിലും നിയമിക്കാൻ നമുക്കു സാധിക്കും. എന്നാൽ നഷ്ടപ്പെട്ട എന്റെ ജീവിതം തിരിച്ചുപിടിക്കാൻ സാധ്യമല്ല. ഇന്നലെ കടന്നുപോയി. ഇന്നലെ ഇനിയില്ല. ഒരു കാലത്തും ഇല്ല. നാളെയുടെ തിരിച്ചേൽപ്പിക്കാൻ നഷ്ടപ്പെട്ട ജീവിതം തിരിച്ചു പിടിക്കാൻ സാധ്യമല്ല. അതിനാൽ നാം ഏതു സ്വിഫ്റ്റിൽ യാത്ര ചെയ്യുന്നു എന്നതിലല്ല ഒരു വാഹനഅപകടമുണ്ടായാൽ വീഴുന്നത് ഒരു താഴ്ചയിൽ ആയിരിക്കും. അതിനാൽ വീഴും മുമ്പേ മുൻ കരുതലുകൾ വേണം. ഇതുപോലെ നാം ഏത് അവസ്ഥയിലാണോ ഞാനെന്ന് നവംബർ മാസം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഞാൻ ആരാണ് ഞാൻ വീണാലും പരുക്ക് ഏൽക്കാതെ രക്ഷപ്പെടാൻ സാധിക്കുന്ന അവസ്ഥയിൽ ആണോ ഞാൻ നവംബർ മാസം നമ്മെ ഓർമ്മപ്പെടുത്തുന്ന അതിനു കത്തോലിക്ക സഭ പ്രത്യേകിച്ച് ജീവിതം ആസ്വദിച്ച കടമകൾ നിറവേറ്റി ഏറ്റെടുത്ത് ജീവിതം ഏതു തന്നെയായാലും ആ ജീവിതത്തോടെ 100% കൂറു പുലർത്തി ജീവിച്ചു കടന്നു

പോയവരേയും ജീവിക്കാൻ വേണ്ടി ജീവിച്ചു കടന്നുപോയവരേയും ഓർക്കാൻ പ്രാർത്ഥിക്കാൻ നമ്മെ സഹായിക്കുന്ന ഒരു മാസം. കൂടാതെ എന്തെങ്കിലും ജീവിതത്തിൽ മാറ്റിപ്പിടിക്കാൻ, മാറ്റി ചവിട്ടാൻ ഒരു മാസം നമ്മെ ഓർമ്മപ്പെടുത്തുന്ന മാസം. ഇനിയും സമയമുണ്ട് എന്ന് പറയാൻ ആവില്ല. ഒരു ദിവസം കിട്ടിയെങ്കിൽ അത് ദൈവത്തിന്റെ ദാനമാണ്. നാളത്തെ ദിനം അത് എന്റെയല്ല അത് ദൈവത്തിന്റെയാണ്. ദൈവം നൽകിയാൽ വാങ്ങാം.

നമ്മുടെയൊക്കെ ചിന്ത കണ്ടാൽ നടത്തം കണ്ടാൽ പ്രവൃത്തി കണ്ടാൽ, തീരുമാനം കണ്ടാൽ ഇവിടെത്തന്നെ കൂടുകൂട്ടാൻ അടയിരിക്കാൻ എന്നാണ്. സാധ്യമല്ല വിടരും മുമ്പെ കൊഴിയുന്ന ജീവിതങ്ങൾ നമ്മൾ കണ്ടിട്ടുള്ള കേട്ടിട്ടുള്ള നാളെ നാം ആ ഗണത്തിൽപ്പെടുമെന്നറിയില്ല. ആയതിനാൽ നാം നന്മയുടെ പ്രചാരകരായി സേവനത്തിന്റെ കൈത്തിരിയായി എന്റെ ജീവിതത്തിന്റെ നുറുങ്ങുവെട്ടം മറ്റുള്ളവർക്ക് വെളിച്ചമായി സന്തോഷമായി സമാധാനമായി ആശ്വാസമായി വീഴുമ്പോൾ ഒരു കൈപിടിക്കാൻ ഒരു തുണയായി മാറാൻ സാധിച്ചാൽ നമ്മൾ എന്തുനേടി എന്നു തീരുമാനിക്കാൻ സാധിക്കും.

അപരന്റെ വേദന എന്റെ വേദന, അപരന്റെ പരാജയം എന്റെ പരാജയം, അപരന്റെ സന്തോഷം എന്റെ സന്തോഷം അപരന്റെ എന്റെ വിജയം ഇതായിരിക്കണം ഒരു സമർപ്പിതയുടെ വിജയം. അതിനാൽ ദൈവത്തിനും ദൈവജനത്തിനും, സ്വജീവിതത്തിനും വേണ്ടപ്പെട്ടവരും, വിലപ്പെട്ടവരുമായി മാറാൻ ഈ നവംബർ മാസം നമുക്ക് പ്രേരകമാകട്ടെ.

**സി. ആൻസില CPS**

# എന്നെ ചിരിപ്പിക്കുന്ന ദൈവം

ഞാനും ദൈവവും പരസ്പരം നോക്കും. പുഞ്ചിരിക്കും:

*വി. മദർ തെരേസ*

ഒരിക്കൽ ഒരു റിപ്പോർട്ടർ മദർ തെരേസയോട് പ്രാർത്ഥനയുടെ അർത്ഥം എന്താണെന്ന് ചോദിച്ചു. മദർ നൽകിയ മറുപടി ശ്രദ്ധേയമായിരുന്നു: ഞാൻ ദൈവത്തെ നോക്കും. ദൈവം എന്നെയും. ഞങ്ങൾ പരസ്പരം പുഞ്ചിരിക്കും!

മദർ തെരേസയുടെ ഈ നിർവചനം ലോകത്തിലുള്ള എല്ലാ അശാന്തികൾക്കും ഒരു പരിഹാരമാണ്. സമാധാനം ആരംഭിക്കുന്നത് ഒരു പുഞ്ചിരിയോടെയാണ്. പുഞ്ചിരി സൗഹൃദമാണ്, സ്നേഹത്തിലധിഷ്ഠിതമായ യഥാർത്ഥ ബന്ധമാണ്.

ദൈവവുമായുള്ള ബന്ധത്തിൽ ആനന്ദം അനുഭവിക്കാൻ സാധിക്കണം. അതിനു കഴിയുന്നില്ലെങ്കിൽ മറ്റുള്ളവരുമായുള്ള ബന്ധത്തിൽ ആനന്ദം കണ്ടെത്താൻ കഴിയുകയില്ല. നമ്മുടെ ദൈവസ്നേഹത്തിൽ സമാധാനം അനുഭവിക്കാൻ കഴിയുന്നില്ലെങ്കിൽ എങ്ങനെയാണ് നമുക്ക് മറ്റുള്ളവർക്ക് സമാധാനം പകരാൻ കഴിയുക?

സമാധാനം ആരംഭിക്കുന്നത് ഒരു പുഞ്ചിരിയോടെയാണ്. ദൈവത്തിന്റെ അത്ഭുതകരവും സ്നേഹനിർഭരവുമായ നോട്ടത്തിൽ ആനന്ദിക്കാൻ സാധിക്കണം.

ചിലർ പറയുന്നതു പോലെ, പ്രാർത്ഥന സമയം പാഴാക്കലല്ല. അഥവാ അങ്ങനെയാണെങ്കിൽ ദൈവത്തോടൊത്ത് സമയം പാഴാക്കാൻ തയ്യാറായി പുഞ്ചരിയോടെ ദൈവസന്നിധിയിൽ വരിക. നമ്മെ സ്നേഹത്തോടെ നോക്കുന്ന ദൈവത്തെ സ്നേഹപൂർവം പുഞ്ചിരിയോടെ നോക്കുക.


**സി. ജിസ്മ CPS**

# JESUS MY ALL IN ALL

God does not calls the qualified, but He qualifies the called. These words of mother Theresa always inspired me to go ahead in my formation days .It was my fortunate that my wish to see Kerala was fulfilled .It was very interesting to learn the language .First year was the time when I struggled a lot with the language. But even if it was difficult to go ahead, my dear mother Mary was there to help me. The day I started my formation here, I never forgot to pray and ask the intercession of Mary .It was very heartbreaking for me that I could not any prayer aloud .After sometime through the help of my companions I was able to learn some prayers .It was in the year of postulancy that I was completely broken with inner conflict .I never thought of leaving, but I just wanted to see my family and it was not possible because of lockdown .I really felt desperate as we had no chance of going out and all .I was shocked with the news that my mother was admitted in hospital. I was sent home for one month .It was the time of test for me, there were two options for me either to choose my mother or my vocation and I chose the second one .I had no regret in doing so, for I was very sure that God will take care of her .But though physically I was here, mentally I was not. I was the third year of formation that is novitiate which made me more uncomfortable, for I couldn't get any news about my family .In the last six months of novitiate, I really started to pray and feel God's love and protection personally. I found a best friend in Jesus, and there were many things which I only shared with Him .God raised me up through my sisters around me. I trusted firmly that everything happens is for our own good. Because I knew not what future holds for me but I knew who holds my future. I gave everything in the hands of Jesus. In the gospel of St. John it is said, You did not choose me but I chose you .It was very much true in my life .I tried to leave Jesus, but He never left me. Like prophet Jonah I tried to run away from His plan

but it never worked that way .Ups and downs were part of life, so it was more challenging to move ahead and carry on the journey of my vocation .First year novitiate finished but I longed to see my mother .This did wish did not fulfilled, and became more discouraged than before. Regency finished with all the new experiences and then came the time to prepare for our first profession. Everything happened was for my own good, though it was difficult to accept at that time ,now I see it as God's blessing .The love and care of many encouraging hands helped me to be faithful to my creator. I received many blessings in my life as well as in my family. Thanks be to God for His countless blessings.

**Sr. Dimple CPS**



# പരിശുദ്ധ കന്യകാമറിയം

സഭയിൽ പരി. കന്യകാമറിയത്തോടുള്ള ഭക്തി അചഞ്ചലമാണ്. പരി. അമ്മ യേശുവിന്റെ അമ്മയാണ്. കുരിശിൽ കിടന്ന് പ്രാണൻ വെടിയുന്ന നേരം പരി. അമ്മയെ യേശു ലോകത്തിലെ ഏവരുടേയും അമ്മയായ് നൽകി. വി. ഗ്രന്ഥത്തെ അടിസ്ഥാനമാക്കി പരി. കന്യകാമറിയത്തെ പറ്റി ചിന്തിക്കുമ്പോൾ നാം ഇപ്രകാരം കാണുന്നു. (ഏശയ്യ 7:14) കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കുമെന്ന്." ഈ വചനം നിറവേറ്റുവാൻ പ്രാർത്ഥനാപൂർവ്വം കാത്തിരുന്നവളാണ് പരി. കന്യകാമറിയം (ലൂക്ക 1:28) ഗബ്രിയൽ ദൂതനാൽ "ദൈവകൃപ നിറഞ്ഞവളെ" എന്ന് അഭിസംബോധന ചെയ്യപ്പെട്ടവളായിരുന്നു. രക്ഷകനായ യേശുവിന് ജന്മം കൊടുക്കാൻ തയ്യാറായി പരി. കന്യകാമറിയം (ലൂക്ക 1:35) കന്യാത്വം നഷ്ടപ്പെടാതെ പരി. ആത്മാവിനാൽ ഗർഭവതിയാണ് എന്ന് തിരിച്ചറിഞ്ഞ പരി. കന്യകാമറിയം (ലൂക്ക 1:38) ഇതാ കർത്താവിന്റെ ദാസി എന്ന് പ്രത്യുത്തരിച്ച് ദൈവഹിതത്തിന് പൂർണ്ണമായി വിധേയയായവൾ

(ലൂക്ക 1:56) മൂന്നുമാസം ഏലീശായെ ശുശ്രൂഷിച്ച് വിനീത സേവനത്തിന് ഉത്തമ മാതൃക നൽകിയവൾ.

(ലൂക്ക 2:6) ബെത്‌ലഹേമിലെ പുൽതൊട്ടിയിൽ ദൈവകുമാരന് ജന്മം നൽകിയവൾ

(ലൂക്ക 2:45) ദേവാലയത്തിൽ കാണാതായ ബാലനായ യേശുവിനെ ഉത്ക്കണ്ഠയോടെ അന്വേഷിച്ചവൾ

(യോഹ 2:11) യേശുവിന്റെ ആദ്യത്തെ അത്ഭുതത്തിന് സാക്ഷിയായവൾ

(യോഹ 19:5) കുരിശിന്റെ പാതയിൽ മകനോടൊപ്പം യാത്ര ചെയ്തവൾ

(യോഹ 19:25) കുരിശിൽ ചുവട്ടിൽ നിന്ന് അവന്റെ വേദനയിൽ പൂർണ്ണമായി പങ്കുചേരുന്നവൾ

(നടപടി 1:14) പരി. ആത്മാവിന്റെ വരവിനുവേണ്ടി അപ്പസ്തോലന്മാരുടെ ഒപ്പം പ്രാർത്ഥനയിൽ ആയിരുന്നവൾ (വെളി 12:1) നരകസർപ്പത്തിന്റെ തല തകർക്കുവാൻ നിയുക്തയായി സ്വർഗ്ഗത്തിൽ പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം ചൂടിക്കപ്പെട്ട പരി.കന്യകാമറിയം

❑

# അതിജീവനം

'തോറ്റുപോയി, എല്ലാ അർത്ഥത്തിലും' എന്ന് ചുവരിൽ എഴുതി വച്ച് ഒരു ഗവ. ഡോക്ടർ ആത്മഹത്യ ചെയ്തു. വല്ലാതെ സങ്കടം തോന്നുന്നു.

എത്ര പരീക്ഷകളുടെ കടമ്പ കടന്നിട്ടാകും അയാൾ ഡോക്ടറായത്. പിന്നീടും എത്രയോ കടമ്പകൾ പിന്നിട്ടാണ് ഗവ. മെഡിക്കൽ ഓഫീസർ പദവി നേടിയിട്ടുണ്ടാകുക. എന്നിട്ടും, അദ്ദേഹത്തിനു പറയേണ്ടി വരുന്നത് തോറ്റുപോയി എന്നാണ്!

ജീവിതത്തോട് തോറ്റു പോകുന്ന മനുഷ്യർ..!

ഡോക്ടർ മാത്രമല്ല... അഭിഭാഷകർ, ബാങ്ക് ഉദ്യോഗസ്ഥർ... അധ്യാപകർ... ഗവ. ഉദ്യോഗസ്ഥർ... സാധാരണക്കാർ... തൊഴിലാളികൾ... യുവതീ യുവാക്കൾ... പെരുക്കപ്പട്ടിക ഭീതി ജനകമാണ്.

തോറ്റുപോയെന്ന് സങ്കടപ്പെട്ട് ഉപേക്ഷിച്ചു പോകുന്നവർ.

Life coping skills എന്നൊരു കല മാത്രം നാമെവിടെയും അഭ്യസിക്കുന്നില്ല എന്ന വലിയൊരു കുറവുണ്ട് നമ്മുടെ വിദ്യാഭ്യാസത്തിലും ജീവിതത്തിലും.

അവനവനെ തന്നെ സ്നേഹിക്കുക എന്നതു പ്രധാനമാണ്. മറ്റാരും സ്നേഹിച്ചില്ലെങ്കിലും പ്രോൽസാഹിപ്പിച്ചില്ലെങ്കിലും സ്വയം സ്നേഹിച്ചും സ്വന്തം തോളിൽ തട്ടി പ്രോൽസാഹിപ്പിച്ചും, കൊച്ചു കൊച്ചു നേട്ടങ്ങളിൽ സ്വയം അനുമോദിച്ചും സ്വയം മുന്നോട്ടു പോകാനുള്ള ഊർജം ഉള്ളിലുണ്ടാകുക ആവശ്യമാണ്.

സ്വന്തം സന്തോഷത്തിന്റെ താക്കോൽ മറ്റാരെയും ഏൽപ്പിക്കാതിരിക്കുക എന്നതാണ് മറ്റൊന്ന്. അവർ മുഖം തിരിച്ചാൽ, അവർ അവഗണിച്ചാൽ, ഒറ്റയ്ക്കായിപ്പോയാൽ ഉടൻ തകർന്നു വീണു പോകുന്നവരാകാതിരിക്കുക എന്നതും വളരെ പ്രധാനമാണ്. ആരുമില്ലെങ്കിലും ഞാൻ മുന്നോട്ടു തന്നെ പോകും എന്ന ദൃഢനിശ്ചയത്തിന്റെ പേരാണ് ജീവിതം.

പണിയെടുത്ത് മേലധികാരികളെ പ്രീതിപ്പെടുത്താനോ, പണവും സമ്മാനങ്ങളും കൊണ്ട് കുടുംബാംഗങ്ങളെ തൃപ്തിപ്പെടുത്താനോ കഴിയില്ല എന്നു തിരിച്ചറിയുക. മറ്റുള്ളവരുടെ കയ്യടികൾക്കും നല്ല വാക്കുകൾക്കും വേണ്ടി ജീവിക്കുന്നത് വഴി നിരാശ മാത്രമാകും ഫലം. Use and throw ആണ് പല ജോലിയിടങ്ങളുടെയും പല ബന്ധങ്ങളുടെയും അടിസ്ഥാന നയം എന്നു തിരിച്ചറിയുന്നത് നല്ലതാണ്. ആവശ്യം കഴിഞ്ഞ് വലിച്ചെറിയപ്പെട്ടു എന്നു വിലപിക്കേണ്ടതില്ല. റോൾ തീർന്നാൽ നിശബ്ദമായി പിൻമാറി നിൽക്കാനും പഠിക്കേണ്ടതല്ലേ.?

അജാതശത്രു എന്നൊരു പ്രയോഗമുണ്ട്. ശത്രുവായി ഇനിയും ആരും ജനിച്ചിട്ടു പോലുമില്ലാത്തയാൾ എന്നാണർത്ഥം. അങ്ങനെയൊരാൾ ഈ ഭൂമിയിലില്ല. എല്ലാവർക്കുമുണ്ടാകും ശത്രുക്കൾ. ശത്രുക്കളുണ്ടാവാൻ മോശം കാര്യങ്ങൾ ചെയ്യണമെന്നില്ല. നന്നായി ജീവിച്ചാലും മതി. നന്നായി പണിയെടുത്ത്, നല്ല പേരുണ്ടാക്കി, ഉള്ളതു കൊണ്ട് സ്വസ്ഥമായി ജീവിക്കുന്നതു കണ്ടാൽ സഹിക്കാനാകാത്തവരുണ്ട് എന്ന് തിരിച്ചറിയുന്നതു നല്ലതാണ്. അത് സ്വന്തം കുടുംബത്തിൽ പോലും ഉണ്ടാകാം. അതിന്റെയൊന്നും പേരിൽ ഉള്ളു നൊന്തിരിക്കേണ്ടതില്ല. അതും പ്രതീക്ഷിക്കണം ജീവിതത്തിൽ.

A shoulder to lean on, മുഖം ചായ്ക്കാനൊരു ചുമൽ, ജീവിതത്തിലുണ്ടെങ്കിൽ നല്ലതാണ്. മന:സംഘർഷങ്ങൾ പറയാനും, ലജ്ജ തോന്നാതെ കരയാനും, തുറന്നു സംസാരിക്കാനും ഭാരങ്ങളിറക്കി വയ്ക്കാനും കഴിയുന്നൊരു ചുമൽ. ഒരു പാട് നാൾ കൊണ്ടേ അങ്ങിനൊരാളെ കണ്ടത്താനാകൂ. ചിലപ്പോൾ കണ്ടെത്തിയില്ല എന്നും വരാം. അങ്ങനെയെങ്കിൽ ഒറ്റയ്ക്കു നടക്കാനുള്ള ധൈര്യം ആർജിച്ചെടുക്കേണ്ടി വരും.

Positive self talk എന്നൊക്കെ എല്ലാവരും പറയും. സ്വയം സംസാരിക്കൽ. സ്വയം പ്രചോദിപ്പിക്കൽ. അതിന് കഴിഞ്ഞില്ലെങ്കിലും negative self talk ശീലിക്കാതിരിക്കുക. 'എന്നെയാർക്കും വേണ്ട' 'എന്റെ ജീവിതം തീർന്നു' തുടങ്ങിയ emotional പ്രയോഗങ്ങളെല്ലാം negative self talk ആണ്. ലഹരി ഉപയോഗിക്കുക കൂടി ചെയ്യുന്നവരിൽ ഇത് കൂടുകയും ചെയ്യും. ജീവിച്ചു മുന്നേറാനും യുക്തിയോടെ ചിന്തിക്കാനുമുള്ള ആത്മധൈര്യമാണ് ഇതിലൂടെ ചോർന്നു പോകുന്നത്.

പെട്ടെന്ന് ഒരു പഴയ സുഹൃത്ത് പ്രത്യക്ഷപ്പെട്ട് പണക്കിഴി നൽകി സഹായിക്കുന്നതുപോലുള്ള അൽഭുതങ്ങൾ പ്രതീക്ഷിക്കാൻ ജീവിതം അമർചിത്രകഥയല്ല. ജീവിതത്തിന് അതിന്റേതായ struggling period ഉണ്ട്. അതു കടന്നു പോകുവോളം സമചിത്തമാകുവാൻ പഠിക്കേണ്ട തുണ്ട്. കൈയൊന്നു മുറിഞ്ഞാൽ, അത് കരിയാൻ ഒരു time span ഉണ്ട്. അതു വരെ കാത്തിരിക്കണം. അക്ഷമകൊണ്ട് മുറിവു കരിയില്ല. ജീവിതത്തിലെ തോൽവികൾ... തിരിച്ചടികൾ... തിരസ്കരണങ്ങൾ... അവമതിപ്പുകൾ... അവയൊക്കെ കലങ്ങിത്തെളിയാൻ ഒരു സമയമുണ്ട്. അവ സമ്മാനിക്കുന്ന മുറിവുകൾ കരിയാൻ സമയമെടുക്കും. അതി ലൂടെ കടന്നു പോകാൻ സ്വയം അനുവദിക്കുക.

എപ്പോഴും മറ്റുള്ളവർക്കുവേണ്ടി അധ്വാനിച്ച് ഉരുകിത്തീരുന്ന ത്യാ ഗദീപമാകാതെ, പിന്നീട് അതിനെക്കുറിച്ച് പരിതപിച്ച് ഉരുകിത്തീരാതെ, അവനവന് സന്തോഷം നൽകുന്ന പോസിറ്റീവായ കാര്യങ്ങൾ ചെയ്യാ നും ദിവസവും കുറച്ചു സമയം സ്വന്തമായി മാറ്റി വയ്ക്കുക കൂടി വേണം. പാട്ട് കേൾക്കാനോ... വായിക്കാനോ... ചെടി നടാനോ... നട ക്കാൻ പോകാനോ... നിങ്ങളുടെ സന്തോഷം നിങ്ങളുടെ മാത്രം ഉത്ത രവാദിത്വമാണ്. മറ്റാരും സന്തോഷമുണ്ടാക്കി നിങ്ങൾക്കു വിളമ്പിത്ത രും എന്നു പ്രതീക്ഷിക്കരുത്.

ഒരു ജോലി കിട്ടാൻ സഹായിച്ചേക്കുമെന്നല്ലാതെ മാർക്കുലിസ്റ്റു കളും സർട്ടിഫിക്കറ്റുകളും ജീവിതത്തിൽ വിലപ്പെട്ടതാകുന്നില്ല. നേട്ട ങ്ങൾക്കും റാങ്കിനും വേണ്ടിയും ഒന്നാം സ്ഥാനങ്ങൾക്കു വേണ്ടിയും മാത്രം മക്കളെ വളർത്തുന്നവർ മേൽ സൂചിപ്പിച്ച life coping skills അവർ എവിടെ നിന്നാണു പഠിക്കുക എന്നതു കൂടി ചിന്തിക്കണം. അവരെന്നാണ് തോൽക്കാനും, തോൽവിയെ സ്വീകരിക്കാനും അതി ജീവിക്കാനും കൂടി പഠിക്കുക.

---

**കാറ്റിലുലയുന്ന നാളത്തിൽ**
**സമരമുണ്ട് വിശ്വാസമുണ്ട്**
**പ്രാർത്ഥനയുണ്ട് പ്രണയമുണ്ട്**
**അതിജീവനത്തിന്റെ സാക്ഷ്യമുണ്ട്!!**



# കുറുക്കു വഴികൾ

ഈ ആധുനിക യുഗത്തിലെ ഏറ്റവും വലിയ വിശുദ്ധയും, വേദ പാരംഗതയും, അഖിലലോക മിഷൻ മദ്ധ്യസ്ഥയുമായ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാളിന്റെ മംഗളാശംസകൾ എല്ലാവർക്കും നേരുന്നു, വിശുദ്ധയുടെ മാദ്ധ്യസ്ഥം വഴി ഒത്തിരി അനുഗ്രഹങ്ങളും, കൃപകളും നമ്മുടെ വ്യക്തിജീവിതത്തിൽ ഉണ്ടാകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

സ്വർഗ്ഗത്തിൽ എത്തിച്ചേരാൻ", അഥവാ ദൈവത്തിൽ എത്തിച്ചേരാൻ സാധിക്കുക എന്ന ഏക ലക്ഷ്യത്തോടെ, "ചില കുറുക്കു വഴികൾ" കണ്ടെത്തിയവളായിരുന്നു വിശുദ്ധ കൊച്ചുത്രേസ്യ. അനുദിനം, ചെയ്യുന്ന ഓരോ നിസ്സാരമായ പ്രവർത്തികൾ പോലും, "ദൈവസ്നേഹത്തെ പ്രതി ചെയ്യുക" എന്നതായിരുന്നു സ്വർഗത്തിൽ എത്താനുള്ള അവളുടെ കുറുക്കു വഴി.

തന്റെ ദൈവവിളി "സ്നേഹമാണെന്ന്, പ്രണയമാണെന്ന്," കണ്ടെത്തിയവളായിരുന്നു വിശുദ്ധ കൊച്ചുത്രേസ്യ. 'കർത്താവ് തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു.' അതേ, അവൾ തിരിച്ചറിഞ്ഞു, കർത്താവിന് അവളോട് ഒത്തിരി ഇഷ്ടമായിരുന്നു, പ്രണയമായിരുന്നു എന്ന്. എന്നിൽ ഒത്തിരി കുറവുകളും, പോരായ്മകളും ഉണ്ടായിട്ടും, എന്നെ ഇഷ്ടപ്പെടാൻ എന്ത് നന്മയാണ് കർത്താവേ നീ കണ്ടിട്ടുള്ളത്, നമ്മൾ പലപ്പോഴും ചോദിച്ചിട്ടില്ലേ? അതേ കർത്താവിന് നമ്മോട് സ്നേഹമാണ്, പ്രണയമാണ്. അതാണ് ഏതു ജീവിതാന്തസ് ആയാലും അതിലേക്കുള്ള നിന്റെ വിളിയുടെ, തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനം. ക്രിസ്തു പറയുന്നു, "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു ചെയ്തത് (യോഹന്നാൻ 15:16).

'എന്റെ ദൈവവിളി സ്നേഹമാണെന്ന് കണ്ടെത്തിയവൾ നമ്മെ ഓർമ്മപ്പെടുത്തുന്നു, നിന്റെ നിസാരതകളും, നിസ്സഹായതകളും അറിയുന്ന നിന്റെ ദൈവത്തിന്, നമ്മോട് ഒത്തിരി ഇഷ്ടമാണ്.' അതാണ് നമ്മുടെ വിളിയുടെ അടിസ്ഥാനം. വിശ്വസ്തരായിരിക്കുക ദൈവം

നമ്മെ ഉയർത്തും. ഒപ്പം, അനുദിന ജീവിതത്തിലെ നിസ്സാരകാര്യങ്ങൾ പോലും ദൈവസ്നേഹത്തെ പ്രതി ചെയ്യുക. തീർച്ചയായും നമ്മളും സ്വർഗ്ഗത്തിൽ എത്തിച്ചേരും.നമ്മുടെ സ്വർഗ്ഗയാത്രയിൽ വിശുദ്ധ കൊച്ചുത്രേസ്യയുടെ മദ്ധ്യസ്ഥം നമ്മെ സഹായിക്കട്ടെ.

**സിസ്റ്റർ മേരിലിറ്റ്**





# തിരിച്ചറിവ്

സിസ്റ്റർ അനു പോൾ

കൊഴിഞ്ഞ് വീഴുന്ന ഇലകൾക്കും ആകാശത്ത് വിരിയുന്ന നക്ഷത്രങ്ങൾക്കും ഒരു നിയോഗമുണ്ട്. നിയോഗങ്ങളില്ലാതെ ഒന്നും പിറക്കുന്നില്ല. എനിക്കും ഉണ്ടായിരുന്നു ഒരു നിയോഗം. ക്രിസ്തുവിന്റെ മണവാട്ടിയാവുക എന്നതായിരുന്നു ആ നിയോഗം. ദൈവം കണ്ട സ്വപ്നവും ദൈവത്തിന്റെ നിയോഗവും അത് തന്നെയായിരുന്നോ അറിയില്ല. പക്ഷേ മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. നിന്നെ വിശുദ്ധീകരിച്ചു എന്ന വചനം യാഥാർത്ഥ്യമാണല്ലോ. അവന്റെ തിരഞ്ഞെടുപ്പ് അനാദിയിലെ തന്നെ നടന്നതാണ്. അതെ പൂർണ്ണമായ ഉറപ്പോടെ എനിക്ക് പറയാൻ സാധിക്കും. അവൻ എന്നെ തിരഞ്ഞെടുത്തിരിക്കുന്നു. ജീവിതമാകുന്ന പുസ്തകത്തിൽ സന്യാസ സമർപ്പണ ജീവിതത്തിന്റെ എഴുതി തീർത്ത 5 വർഷക്കാലം ഒരിക്കൽകൂടി ഓർമ്മിച്ചെടുക്കലാണ് ഞാൻ നടത്തുന്നത്. ഓർമ്മിക്കാനും വായിക്കാനും മാത്രമല്ലെ സാധിക്കുകയുള്ളൂ. തിരുത്താനാവില്ലല്ലോ ? ഇനിയുള്ള പേജുകളിലും നന്നായി എഴുതാൻ ഒരു പക്ഷേ ഈ വായന സഹായകരമായേക്കും. മൺപാത്രത്തിൽ നൽകിയ ഈ സമർപ്പണ ജീവിതമാകുന്ന നിധി നാളിതുവരെ ഉടയാതെ കാത്ത് കാത്ത് സൂക്ഷിക്കുവാൻ കരുത്തേകിയ എന്റെ നല്ല തമ്പുരാന് നന്ദി.

ക്രിസ്തുവിൽ പാവങ്ങളെ സ്നേഹിക്കുവാൻ, സേവിക്കുവാനും വാക്കുകൾകൊണ്ട് എന്നെ പഠിപ്പിക്കുകയും നാടുനീളെ നന്മ ചെയ്ത്

കടന്ന് പോയ ക്രിസ്തുവിൽ വഴി ജീവിച്ച് കാണിക്കുകയും ചെയ്ത എന്റെ സ്ഥാപക പിതാവിനെ ഈ നിമിഷം അനുസ്മരിക്കുന്നു. കാണാൻ ഭംഗിയും അഴകും അർത്ഥവുമുള്ള മനോഹരമായ ശിൽപങ്ങൾ മെനഞ്ഞെടുക്കുവാൻ ഒരുപാട് തച്ചുടയ്ക്കലും കൊത്തലുകളും ആവശ്യമാണ്. അതുപോലെ ക്രിസ്തു ആഗ്രഹിക്കുന്ന ഒരു മണവാട്ടിയെ രൂപപ്പെടുത്താൻ ഒരുപാട് മിനുക്ക് പണികൾ എന്നിലും വേണ്ടി വന്നു. ജീവിതത്തിൽ കടന്ന് വന്നവർക്കെല്ലാം ഈശോക്ക് സമർപ്പിച്ച് നടന്ന് നീങ്ങി സഹോദരിമാരുടെ സന്യാസ സമർപ്പണത്തിന്റെ ആഴവും ത്യാഗവും മനസ്സിലാക്കാൻ അവരുമായി സ്നേഹം പങ്കിടാൻ Commentity Experience എന്നെ സഹായിച്ചു. പ്രായമായ മാതാപിതാക്കൾക്ക് മകളായും ശാരീരിക വൈകല്യം ബാധിച്ച കുരുന്നുകൾക്ക് ചേച്ചിയും കൂട്ടുകാരിയുമായും ക്രിസ്തുവിന്റെ സ്നേഹം ജീവിക്കുവാൻ സാധിച്ചു. സന്യാസ സമർപ്പണത്തിന്റെ കൂട്ടുകെട്ടിൽ നിന്നും പണത്തിന്റെ നാളുകളിലേക്ക് കൂടി. ചേക്കേറിയ 3 വർഷങ്ങൾ ഒരു യഥാർത്ഥ സമർപ്പിത ലോകത്തിലായിരുന്നുകൊണ്ട് എന്നാൽ ലോകത്തിന്റെ തല്ലാതായി എങ്ങനെ ജീവിക്കുന്നുവെന്ന് എന്നെ പഠിപ്പിക്കുവാൻ സഹായിച്ച ദിവസങ്ങൾ/വർഷങ്ങൾ. പക്ഷേ സമർപ്പണത്തിന്റെ വിശുദ്ധിയും വിശ്വാസവും ആഴത്തിൽ വേരുപാകിയത് Dhoni Yelyeat Centre ലെ Jouniourate കോഴ്സ് ആണ്. അവിടെ നിന്നും ജീവിതത്തിന്റെ യാഥാർത്ഥ്യം തിരിച്ചറിഞ്ഞു. പ്രാർത്ഥനാ ജീവിതത്തിൽ ആഴപ്പെടുവാൻ ആ കാലഘട്ടം സഹായകമായി.

പ്രവർത്തന മേഖലയുടെ യാഥാർത്ഥ്യം തിരിച്ചറിഞ്ഞതും ക്രിസ്തുവിൽ പാവങ്ങളെ സേവിക്കുക എന്ന സ്ഥാപക ആദർശം ജീവിച്ച് തുടങ്ങിയതും മിഷൻ രംഗത്തേക്കുള്ള ആദ്യ കാൽവെപ്പിലൂടെയാണ്. ഗോരപൂർ Mission station 1 വർഷത്തെ സേവന രംഗത്തിലൂടെ ഒരുപാട് കാര്യങ്ങൾ എന്നെ പഠിപ്പിച്ച സ്ഥലം, ജീവിതത്തിൽ എന്നെ സന്തോഷിപ്പിക്കുന്നതും ഞാൻ ഏറെ ഇഷ്ടപ്പെടുന്നതുമായ ഒന്നാണ് കുട്ടികളോടൊത്തുള്ള സമയം. ഒരു പാട് കുഞ്ഞുമക്കളെ സ്നേഹിക്കുവാനും അടുത്തറിയുവാനും എനിക്ക് അവസരങ്ങൾ ലഭിച്ചു. കുരുന്ന് മനസ്സുകളുടെ ഹൃദയമറിയുവാൻ ഹിന്ദി ഭാഷ ഒരു പ്രശ്നമായിരുന്നില്ല. എന്നിരുന്നാലും ഭാഷ ഒരു കീറാമുട്ടിയായിരുന്നു. പിന്നീട്

നിത്യവ്രതത്തിനുള്ള ഒരുക്കമായിരുന്നു. സന്യാസ ജീവിതത്തിന്റെ സൗന്ദര്യത്തിലേക്ക് തിരികെ നോക്കുമ്പോൾ ഇനിയും മിനുക്ക് പണികൾ ഒരു പാട് ഉണ്ട്. സുന്ദരമാക്കാനും വൃത്തിയാക്കാനും അതിനുള്ള നാളുകളാണ് ഇനി തമ്പുരാൻ നൽകിയിരിക്കുന്നത്. കാരണം ഇനി ഒരു തിരിഞ്ഞ്നോട്ടം നടത്തുമ്പോൾ ജീവിതം കണ്ണാടിപോലെ തിളങ്ങണം. അതിനാൽ ഇപ്പോൾ തന്നിരിക്കുന്ന സമയത്തോട് നീതി പുലർത്താം...

**അറിവ് മാത്രമല്ല**
**തിരിച്ചറിവ് കൂടി ഉണ്ടാകുമ്പോഴാണ്**
**ഒരാൾ യഥാർത്ഥ മനുഷ്യനാകുന്നത്.**



# ഒയാസിസ് അനുഭവം

**സി. അയോണ സി.പി.എസ്.**

ഓർമ്മയുടെ ചെപ്പിൽ കാത്ത് സൂക്ഷിക്കുവാൻ ഒരു പിടി നല്ല ഓർമ്മകളെ നെഞ്ചോട് ചേർത്ത് വയ്ക്കുന്നതുപോലെ വെട്ടി ഒരുക്കലിന്റെ പാഠശാലയെ സന്യാസമാകുന്ന വൃക്ഷം കൊണ്ട് ഉപമിക്കുമ്പോൾ ചേക്കേറാൻ തണലും കാറ്റും കോളും പേമാരിയും ഏൽക്കുമ്പോൾ എത്ര ചാഞ്ചാടിയാലും ഇളക്കം തട്ടാത്ത വേരിന്റെ ബലത്തോടെ സ്വീകരിക്കാൻ, കനിഞ്ഞ് നൽകിയ ആറു വർഷത്തിന്റെ ഓർമ്മകളും സ്വന്തമാക്കി അൾത്താരയിൽ മുറിയപ്പെട്ടവനൊപ്പം നിത്യമായി കൂടെയിരുന്ന് മുറിയപ്പെടാൻ എന്നെ സ്വന്തമാക്കിയ തമ്പുരാന് നന്ദി.

പങ്കുവെയ്ക്കലിന്റെ മാഹാത്മ്യവും സന്തോഷത്തിന്റെ വർണ്ണപ്പകിട്ടും എല്ലാറ്റിലുമുപരി ദൈവസ്നേഹം പരസ്നേഹത്തിന്റെ പ്രതീകമാണെന്ന ബോധ്യം നൽകി കൂടെ ആയിരുന്ന എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

നീ ദൈവത്തിനർപ്പിക്കുന്ന ബലി കൃതജ്ഞരായിരിക്കണമെന്ന സങ്കീർത്തനമൊഴിയെ പിഞ്ചെല്ലുമ്പോൾ നന്മയുടെ ഇന്നലെകൾ സ്വന്തമാക്കുവാൻ സാധിച്ചു. സ്വർഗ്ഗമാകുന്ന പൂന്തോപ്പിൽ എത്തുവാനുള്ള യോഗ്യത, സമർപ്പണ ജീവിതത്തിലൂടെ എനിക്ക് ദാനമായി നൽകി. ആരാമമാകുന്ന പൂന്തോപ്പിൽ നടപ്പെട്ട് ആത്മാവിന്റെ പോഷണമാകുന്ന ജലവും ലവണവും പ്രാർത്ഥനയിലൂടെയും പ്രവർത്തനത്തിലൂടെയും സ്വന്തമാക്കി സഭാ കുടുംബത്തിന്റെ ജീവിത ശൈലിയെ സ്വീകരിക്കുവാൻ ലഭിച്ച സാഹചര്യങ്ങൾ.

പാഠശാലയിലെ അധ്യായങ്ങൾ ക്രിസ്തുവിന്റെ പുസ്തകത്തിൽ നിന്നും വായിച്ചറിയുവാൻ, അറിവിന്റെ അയിരഖനിയെ ജ്ഞാനമാകുന്ന ആത്മാവുകൊണ്ട് മനസ്സിലാക്കുവാൻ വാക്കുകളിലെ ഓരോ വള്ളിയും പുള്ളിയും വായിക്കുവാൻ മറന്നുപോകുമ്പോഴും തിരുത്തലിന്റെ ആത്മീയ പാഠങ്ങൾ പകർന്നു നൽകി നേരിന്റെ വഴിചൊല്ലി പഠിപ്പിട്ടുപരി. അമ്മയുടെ സ്നേഹവും യൗസേപ്പിതാവിന്റെ കരുതലും സ്വന്തമാക്കി പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമായവനെ തിരിച്ച

റിഞ്ഞ് സ്ഥാപക ചൈതന്യം സ്വീകരിച്ച്, അധികാരികളുടെ അനുഗ്രഹം സ്വന്തമാക്കി, സഹോദരങ്ങളുടെ സ്നേഹവായ്പുകൾ തിരിച്ചറിഞ്ഞ്, നന്മയുടെ നാളുകളെ ഉൾക്കൊള്ളുവാൻ ക്രിസ്തുവിനാൽ ഉയർപ്പെട്ട ജീവിതം. അതിൽ തന്നെ ഇനിയും തുടരാൻ കൃപ നൽകണമേയെന്ന പ്രാർത്ഥനയോടെ...

